
20

# ചട്ടമ്പിസ്വാമികളുടെ ക്രിസ്തുമതച്ഛേദനം സംക്ഷിപ്തം



വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ

Scanned with CamScanner

# ചട്ടമ്പി സ്വാമികളുടെ ക്രിസ്തുമതഛേദനം

ഭഗവദ്ഗീതയിൽ ഒരു വരിയുണ്ട് യദാ യദാ ഹി ധർമ്മസ്യ : ഗ്ലാനിർഭവതിഭാരത അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സ്യജാമ്യഹം, പരിത്രാണായ സാധൂനാം, വിനാശായ ച ദുഷ്കൃതാം ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ. എപ്പോഴെല്ലാം ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നുവോ അപ്പോഴെല്ലാം പ്രകൃതിനിയമമായ ധർമ്മത്തെ സംരക്ഷിക്കുന്നതിന് പ്രപഞ്ച ചൈതന്യത്തിന്റെ മൂർത്തിമത് ഭാവമായ ഞാൻ സ്വയം അവതരിക്കും.

ഭാരതത്തിൽ മാത്രമാണ് ഈശ്വരൻ അവതാരമായി ഇറങ്ങി വന്നിരിക്കുന്നത്. മറ്റെല്ലാദേശങ്ങളിലും ഈശ്വരന്റെ റപ്രസെന്റേറ്റീവായിട്ട് ഏതെങ്കിലുമൊരു അവദൂതനയോ ഏതെങ്കിലും പ്രവാചകനേയോ മാത്രം അയയ്ക്കുകയാണുണ്ടായിട്ടുള്ളത്.എപ്പോഴെല്ലാം ഹിന്ദുധർമ്മത്തിന് അപച്യുതി സംഭവിച്ചിട്ടിണ്ടോ അപ്പോഴെല്ലാം പല രൂപത്തിൽ, പല ഭാവത്തിൽ, പല രീതിയിൽ ഈശ്വരൻ വന്നിട്ടുണ്ട്. മനുഷ്യ രൂപത്തിൽ കർമ്മ ധർമ്മങ്ങൾ ആചരിച്ചുകൊണ്ട്, അനുഷ്ഠിച്ചുകൊണ്ട് ഇവിടെ ജീവിച്ച് ധർമ്മത്തെ പുനസ്ഥാപിച്ചിട്ടുണ്ട്. അപ്രകാരമുള്ള ധർമ്മസ്ഥാപനത്തിന്റെ ഭാഗമാണ് നാരായണഗുരുദേവന്റെ അവതാരവും ചട്ടമ്പിസ്വാമികളുടെ അവതാരവും.

ഹിന്ദുധർമ്മത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അനവധി ആശ്രമങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ച് സ്വയം വിഗഹപ്രതിഷ്ഠ നടത്തിയ നാരായണഗുരുദേവനെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം.അപ്രകാരം തന്നെ ചട്ടമ്പിസ്വാമികൾ ഹിന്ദുധർമ്മത്തിനെതിരെ പ്രവർത്തിക്കുന്ന ക്രൈസ്തവ മിഷണരിമാരുടെ പ്രവർത്തനങ്ങൾക്കെതിരായിട്ട് ഉജ്ജ്വലമായ പാടവത്തോടുകൂടി ബൈബിൾ സമ്പൂർണ്ണമായും പഠിച്ച് എല്ലാ വരികളും ഏതു സമയത്തും ഉദ്ധരിക്കാൻ പാകത്തിനുള്ള അറിവോടുകൂടി, ജ്ഞാനത്തോടുകൂടി അനവധി പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിപ്രസിദ്ധങ്ങളായ ഹൈന്ദവക്ഷേത്രങ്ങൾക്കു മുമ്പിൽ ക്രിസ്ത്യൻ മിഷണറിമാർ വന്ന് ക്ഷേത്രവിഗ്രഹത്തെയും ക്ഷേത്ര ആചാരങ്ങളെയും ഭാരതീയ ഈശ്വര സങ്കല്പങ്ങളേയും നഖശിഖാന്തം വിമർശിച്ചുകൊണ്ട് നടത്തിയിരിക്കുന്ന പ്രഭാഷണങ്ങൾ മുഴുവനും ശ്രദ്ധിച്ച് അവയ്ക്ക് ഉത്തരം പറയുവാൻ ചട്ടമ്പിസ്വാമികളെപ്പോലെ മറ്റാരുമുണ്ടായിട്ടില്ല.



Scanned with CamScanner

ബൈബിൾ സത്യവേദപുസ്തകമാണെന്നും അതിനകത്ത് അന്ധവിശ്വാസവും അനാചാരവും ശാസ്ത്രീയമല്ലാത്തതുമായിട്ട് ഒന്നുമില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട്, ഹിന്ദുക്കളുടെ ക്ഷേത്രദർശനത്തെപ്പോലും അവഹേളിച്ചുകൊണ്ട് അപകീർത്തി പ്പെടുത്തികൊണ്ട് നിന്ദ്യമായി,ക്രൂരമായി, നീചമായി വിമർശിച്ചുകൊണ്ട് ഭാരതീ യരെ, ഹിന്ദുധർമ്മത്തിൽ നിന്നു മതപരിവർത്തനം നടത്തി ക്രിസ്ത്യാനികൾ നടത്തിയിരുന്ന അവഹേളനാത്മകമായ പ്രഭാഷണം മുഴുവൻ ശ്രദ്ധിച്ച് ഏറ്റുമാ നൂർ ക്ഷേത്രത്തിലും ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിലും പറശ്ശിനിക്കടവ് ക്ഷേത്രത്തിലും എല്ലാം തന്നെ നടത്തിയിരിക്കുന്ന ക്രൈസ്തവ മിഷണറിമാരുടെ നീചമായ ഭാഷ്യങ്ങൾ ശ്രവിച്ചതിനു ശേഷമാണ് സ്വാമികൾ ക്രിസ്ത്യാനികൾക്ക് ഉത്തരം പറയുവാൻ പാകത്തിന് അനവധി ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ക്രിസ്തു മതഛേദനം എന്ന പുസ്തകമെഴുതിയത്.

വസ്തുനിഷ്ഠമായി വ്യക്തമായ ഭാഷയിൽ ശാസ്ത്രീയമായി ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾ ഓരോ ഹിന്ദുവും ഓരോ ക്രിസ്ത്യാനിയും അറിഞ്ഞിരിക്കേണ്ടതാ ണ്.അതിവിശാലമായ സാഗരത്തിൽ നിന്ന് അതിവിസ്തൃതമായ സാഗരത്തിൽ നിന്ന് പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ശക്തിയായ ദേവസങ്കല്പത്തിൽ നിന്ന് കൂപമണ്ഡൂകങ്ങളായി ഒരു ദൈവത്തേയും വൈരാഗ്യമുള്ള ദൈവ ത്തേയും ദേഷ്യമുള്ള ദൈവത്തേയും വാശിയുള്ള ദൈവത്തേയും സ്വീകരിക്കാൻ സ്വയം പാപികളായി ചാടിയിറങ്ങിയിരിക്കുന്ന ക്രിസ്ത്യാനികളോരോരുത്തരും തന്നെ ക്രിസ്തുമതഛേദനം വായിച്ചിരിക്കേണ്ടതാണ്.

അതിവിസ്തൃതമായ വേദവേദാന്ത ഉപവേദ ഉപാംഗ പുരാണ ഇതിഹാസഗ്രന്ഥ ങ്ങളെ ഉപേക്ഷിച്ച് ഒരൊറ്റ പുസ്തകത്തിലൂടെ മോക്ഷം കിട്ടുമെന്നും യേശുദേ വന്റെ രക്തം കൊണ്ട് തന്റെ പാപം കഴുകികളയാമെന്നും രണ്ടായിരം വർഷ ങ്ങൾക്ക് മുമ്പ് യേശുദേവനെ ആണിയടിച്ചു കൊന്നത് എന്നുമുള്ള തെറ്റിദ്ധാര ണജനകമായ അന്ധവിശ്വാസപരമായ ആ വരികൾക്ക് ചട്ടമ്പിസ്വാമികൾ ആചാര്യപദ വിയിലിരുന്നുകൊണ്ട് ചോദിക്കുന്ന ചോദ്യങ്ങളും നൽകുന്ന മറുപടികളും ഓരോരു ത്തരും അറിഞ്ഞിരിക്കേണ്ടതാണ് എന്നുള്ളതുകൊണ്ടാണ് ഇപ്രകാരം ക്രിസ്തുമത ഛേദനം എന്ന പുസ്തകത്തിലെ പ്രധാന വരികളുദ്ധരിച്ചുകൊണ്ട് ഇപ്രകാരം ഒരു പ്രഭാഷണം നടത്താമെന്ന് തീരുമാനിച്ചതും ജഗദീശ്വരാനുഗ്രഹമുണ്ടായതും.

ആദിസൃഷ്ടിയെക്കുറിച്ച് ചട്ടമ്പിസ്വാമികൾ, അല്ലയോ ക്രിസ്തീയ പ്രാസംഗികരെ,



Scanned with CamScanner

യഹോവ ആദിമനുഷ്യരെ വിവേകമില്ലാത്തവരായിട്ടാണ് സൃഷ്ടിച്ചത്. അതെന്തിനാണപ്രകാരം ചെയ്തത്. ഈ പ്രപഞ്ചത്തെ മുഴുവനും ആറു രാത്രികൾ കൊണ്ട് സൃഷ്ടിച്ച ദൈവത്തിന് വിവേചനമുള്ള മനുഷ്യരെ സൃഷ്ടിച്ചു കൂടായിരുന്നോ ഇത്രയും കഴിവുള്ള ദൈവത്തിന് മനുഷ്യരെ സൃഷ്ടിച്ചതിനു ശേഷം വിലക്കിയ കനി തിന്നരുത് എന്ന ഉപദേശിക്കുന്നതിന് പകരം ഏദൻതോട്ടത്തിൽ വിഷക്കനിയെ, ജ്ഞാനക്കനിയെ സൃഷ്ടിക്കാതിരുന്നുകൂടായിരുന്നോ? ജ്ഞാനം എന്നു പറയുന്നത് പവിത്രമായ വസ്തുതയായുരിക്കെ മനുഷ്യന് ജ്ഞാനം ഉണ്ടാകുന്നതിന് ദൈവം ഭയപ്പെട്ടതെന്തിനാണ്. കൂടാതെ ഞാനൊന്നുകൂടി, ക്രിസതീയ പ്രാസംഗികരെ, നിങ്ങളോട് ചോദിക്കട്ടെ, ഒരച്ഛൻ ഒരു കനിയെ ഒരു പഴത്തെ വിവേകമില്ലാത്ത കുട്ടി കളിക്കുന്ന മുറിയിൽ വച്ച് അത് തിന്നരുത് എന്നുപദേശിക്കുന്നതിനുപകരം ആ കനി അവിടെ വെയ്ക്കാതിരിക്കുന്നതല്ലേ പിതാവിന്റെ ഉത്തരവാദിത്വമുള്ള കർത്തവ്യം. സ്വയം വിഷക്കനി മുറിയിൽ വച്ച് കുട്ടികളോട് തിന്നരുത് എന്നശപിക്കുന്നതിനുപകരം, ശഠിക്കുന്നതിന് പകരം ആ ദൈവത്തിന് ആ വിഷക്കനിയുള്ള വൃക്ഷം സൃഷ്ടിക്കാതിരുന്നുകൂടായിരുന്നോ അത്രയും കഴിവില്ലാത്തവനാണോ നിങ്ങളുടെ ദൈവം.

ആദത്തിന് തിന്നാൻ പാകത്തിന് വിഷക്കനിയെ സൃഷ്ടിച്ച ദൈവമല്ലേ ശരിക്കും കുറ്റം ചെയ്തത്. ഇനിയും ആ ദൈവം ഞാൻ പറഞ്ഞ പ്രകാരം വിലക്കിയ പഴത്തെ ഭക്ഷിച്ച ആളിനെ അന്നു തന്നെ മരണശിക്ഷ കൊടുക്കാതെ വിട്ടുകളഞ്ഞത് നീതിയാണോ ചെയ്തത്. അത് ദൈവത്തിന് രുചിക്കാത്തതായിരുന്നെങ്കിൽ ശിക്ഷ നൽകേണ്ടത് അന്നുതന്നെയായിരുന്നല്ലേ. പിന്നീട് ശിക്ഷിക്കാൻ പാകത്തിന് അവനെ വിട്ടയച്ചതെന്തിനായിരുന്നു.?

ഈ വിഷക്കനിയെ മനുഷ്യൻ തിന്നും എന്ന വിവരം സർവ്വജ്ഞാനിയായ ദൈവത്തിനറിഞ്ഞു കൂടായിരുന്നു എന്നതിന്റെ അർത്ഥം നിങ്ങളുടെ ദൈവം സർവ്വജ്ഞാനി അല്ലായിരുന്നു എന്നു തന്നെയല്ലേ?. ദൈവത്തിന്റെ സൃഷ്ടിയിൽ ഏറ്റവും പരിപാവനമായ മനുഷ്യനെ സൃഷ്ടിക്കാൻ കഴിവുള്ള ആ ദൈവത്തിന് വിവേചനം കൊടുക്കാതിരിക്കാൻ തോന്നിയതെന്തുകൊണ്ട്? ദൈവം അപ്രകാരം ചെയ്യാതിരുന്നത് നീതിയാണോ? നിങ്ങളുടെ ദൈവം യഹോവ ആദത്തെ ഉപദേശിക്കാനൊരു പിശാചു വന്നതായിട്ട് നിങ്ങൾക്ക് അറിയാമല്ലോ.ആ പിശാചിനെ

ആരാണ് സൃഷ്ടിച്ചത്? ദൈവമല്ലേ സൃഷ്ടിച്ചത് എങ്കിൽ നിങ്ങളുടെ ആ ദൈവത്തിന് മുമ്പിൽ ആരോ ഒരാൾ പിശാചിനെ സൃഷ്ടിച്ചിരുന്നു. ആ പിശാച് സർവ്വശക്തനുമായിരുന്നുവല്ലോ. അപ്രകാരം ആധുനിക ശാസ്ത്രപ്രകാരം പിശാച് എന്ന ഒരു വസ്തുത ഉണ്ട് എന്ന് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ബൈബിൾ ഏറ്റവും ശാസ്ത്രീയമാണെന്ന് വാദിക്കുന്ന നിങ്ങൾക്ക് പിശാച് എന്ന സങ്കല്പത്തെ നിർവചിക്കുവാൻ സാധിക്കുമോ? മനുഷ്യന്റെ വാരിയെല്ലിൽ നിന്ന് ഒരു സത്രീയെ സൃഷ്ടിക്കുവാൻ കഴിവുള്ള നിങ്ങളുടെ യഹോവ, ആ പിശാച് ആദത്തിന്റെയും ഹവ്വയുടെയും അടുത്തുവന്നതു എന്തുകൊണ്ടറിഞ്ഞില്ല? സർവ്വവ്യാപിയായ നിങ്ങളുടെ ദൈവം പിശാച് ആദത്തിന്റെയും ഹവ്വയുടെയും അടുത്തെത്തിയപ്പോൾ എവിടെയിരിക്കുകയായിരുന്നു? അദ്ദേഹം സർവ്വജ്ഞാനിയായിരുന്നെവെങ്കിൽ പിശാച് വരുമെന്ന് അറിഞ്ഞിരിക്കേണ്ടതായിരുന്നില്ലേ? പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിക്കാൻ കഴിവുള്ള ദൈവത്തിന് എന്തുകൊണ്ടാണ് പിശാചിനെ നശിപ്പിക്കാൻ സാധിക്കാതെ പോയത്. സ്വന്തം കുട്ടിയെ കൊല്ലുവാൻ ഒരു ദുഷ്ടമൃഗം വരുന്നുവെങ്കിൽ ആ കുട്ടിയെ കൊല്ലാൻ പാകത്തിന് ദുഷ്ടമൃഗത്തിന് വിട്ടുകൊടുത്ത അച്ഛന്റെ സ്ഥാനത്തിരിക്കുന്ന നിങ്ങളുടെ യഹോവ ചെയ്തത് ഘോരപാപമല്ലേ. ഇനി നിങ്ങളുടെ ബൈബിളിൽ പറഞ്ഞ പ്രകാരം ആദത്തെയും ഹവ്വയെയും വഴിതെറ്റിച്ച പിശാചിനെ നശിപ്പിക്കുന്നതിനു പകരം, ശപിക്കുന്നതിനുപകരം എന്തിനാണ് നിങ്ങളുടെ ദൈവം മനുഷ്യനെ ശപിച്ചത് ? ആദത്തേയും ഹവ്വയെയും ചതിച്ചതെന്തിനാണ്? തെറ്റു ചെയ്തത് പിശാചായിരുന്നല്ലേ.

ക്രിസ്തീയ പ്രാസംഗികരേ, ഒന്നുകൂടി നിങ്ങളോട് ചോദിച്ചോട്ടെ? പിശാചാണല്ലോ സർപ്പരൂപത്തിലിവിടെ വന്നത്. അപ്പോൾ ശപിക്കേണ്ടത് പിശാചിനെയല്ലേ? എന്തിനാണ് സർപ്പങ്ങളെയെല്ലാം ശപിച്ചത്? ഈ പിശാചിനെയും, ഈ വൃക്ഷത്തെയും അതേ യഹോവ എന്ന ദൈവമാണ് സൃഷ്ടിച്ചത് എങ്കിൽ കുറ്റക്കാരൻ നിങ്ങളുടെ ദൈവം തന്നെയല്ലേ. ഇനിയും ഒരു ചോദ്യംകൂടി നിങ്ങളോട് ചോദിക്കുകയാണ്. ആദിമ മനുഷ്യരായ ആദവും ഹവ്വയും പാപം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷ കൊടുക്കേണ്ടതവർക്കല്ലേ? അവരുടെ പുത്രന്മാരായവരെ മുഴുവനും ശിക്ഷിച്ച് പാപികളാണെന്ന് നിങ്ങൾ വിചാരിക്കുന്നതെന്തിനാണ്? ആരെങ്കിലും കുറ്റം



Scanned with CamScanner

ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷ കൊടുക്കേണ്ടതവർക്കല്ലേ? അവരുടെ പുത്രന്മാരായവരെ മുഴുവനും ശിക്ഷിച്ച് പാപികളാണെന്ന് നിങ്ങൾ വിചാരിക്കുന്നതെന്തിനാണ്? ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ മനുഷ്യർ പോലും കുറ്റക്കാരനെയാണല്ലോ ശിക്ഷിക്കുന്നത്.അവന്റെ മകനെയല്ലല്ലോ. നിങ്ങളുടെ ദൈവത്തിന് അത്രയും വിവേചനംപോലും ഇല്ലാതെയായി കഷ്ടം!

ആദിപുസ്തകം ആറാമദ്ധ്യായത്തിലെ ആറാമത്തെ വരിയിൽ താൻ ഭൂമിയിൽ മനുഷ്യരെ സൃഷ്ടിച്ചതിനെക്കുറിച്ച് പരിതപിച്ചു എന്ന് യഹോവ പറയുന്നു. അദ്ദേഹത്തിന് ഹൃദയത്തിൽ വേദനയുണ്ടായിരുന്നുവത്രെ. ഇപ്രകാരം ബോധമില്ലാതെ നിങ്ങളുടെ ദൈവം എന്തിനാണ് മനുഷ്യരെ സൃഷ്ടിച്ചത്. എന്തിനാണ് മനുഷ്യരെ വിവേചനം കൊടുക്കാതെ സൃഷ്ടിച്ച് തെറ്റായ പന്ഥാവിലേക്ക് നയിക്കാൻ പാകത്തിനൊരു വൃക്ഷത്തേയും മറ്റു കർമ്മങ്ങളേയും ചെയ്തുകൊടുത്തത്. പിന്നീട് പരിതപിച്ചതുകൊണ്ട് എന്താണ് പ്രയോജനം. അത്രയും ജ്ഞാനം ഇല്ലാത്തവനായിപ്പോയല്ലോ നിങ്ങളുടെ ദൈവം.

അല്ലയോ ക്രിസ്തീയ പ്രാസംഗികരെ, നിങ്ങളുടെ യഹോവ എന്ന ദൈവത്തിൽ ഇല്ലാത്തവയായ സർവ്വജ്ഞത്വാദി ഗുണങ്ങൾ ആ ദൈവത്തിൽ ഉള്ളതായിട്ട് നിങ്ങൾ വലിയ കള്ളം പറഞ്ഞു എന്നു തന്നെയുമല്ല അദ്ദേഹത്തിന് ഉള്ളവകളായ വൈരാഗ്യം, കോപം, അസൂയ, ജീവദ്രോഹം, സ്തുതിപ്രീതി,വ്യാകുലത്വം, ദുഷ്ടത്വം, അസത്യം മുതലായ വലിയ ദുർഗുണങ്ങളെ ഒന്നിനെയും വെളിക്കു പറയാതെ മറച്ചുവെക്കുകയും ചെയ്തില്ലേ നിങ്ങൾ. അതു ശരിയാണോ ദൈവത്തിനുണ്ടാകാൻ പാടുള്ള നീചമായ വികാരങ്ങളാണോ ഇവയെല്ലാം. അതു നിങ്ങളറിയാതെ, പ്രസംഗിക്കാതെ വിട്ടതെന്തുകൊണ്ടാണ്.

പുറപ്പാട് പുസ്തകത്തിൽ ഇരുപതാം അദ്ധ്യായത്തിൽ അഞ്ചാം വരിയിൽ ഞാൻ വൈരാഗ്യമുള്ള ദൈവം എന്ന് പറയുന്നു. ജോഷ്വ ഇരുപത്തിനാലാം അദ്ധ്യായം പത്തൊമ്പതാം വരിയിൽ ഞാൻ വൈരാഗ്യമുള്ള ദൈവം എന്നിങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ട് വൈരാഗ്യമുള്ളവനാണോ നിങ്ങളുടെ ദൈവം. ഈ ക്വാളിറ്റി ദൈവത്തിന് ചേർന്നതാണോ എന്ന് നിങ്ങൾ ചിന്തിക്കണം. സംഖ്യ പുസ്തകം പതിനാറാം അദ്ധ്യായം നാല്പത്തിയാറാം വരിയിൽ അതികോപം യഹോവയുടെ സാന്നിദ്ധ്യത്തിൽ നിന്നു പുറപ്പെട്ടു. ബാധ തുടങ്ങിയിരിക്കുന്നു എന്നു പറയു



Scanned with CamScanner

ന്നു. പുറപ്പാട് മുപ്പത്തിരണ്ടാം അദ്ധ്യായം പത്താമത്തെ വരി എന്റെ കോപം അവർക്ക് വിരോധമായി കത്തി, ഞാൻ അവരെ നശിപ്പിക്കേണ്ടുന്നതിന് എന്നെ വിടുക. ഇങ്ങനെ പറഞ്ഞിരിക്കേ കൊണ്ട് നിങ്ങളുടെ ദൈവത്തിന് അസാധാരണമായ കോപം ഉണ്ടെന്നു വരുന്നു. ദൈവീകമായ ഗുണമാണോ കോപവും വൈരാഗ്വവും ഉണ്ടാവുക എന്നുള്ളത്. അത് ദുഷ്ടന്മാരുടെ ഗുണമല്ലേ.

ആദിപുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ ജനങ്ങൾ ഒരു വലിയ ഉന്നതമായ കോവിൽ കെട്ടുവാൻ തുടങ്ങിയതിനെക്കണ്ട് അതിനാൽ അവരെ മഹാകീർത്തിയണിയുവാൻ പോകുന്നു എന്നു കരുതി യഹോവ അവരെ ഭിന്നിപ്പിച്ചു കളഞ്ഞതിനാൽ അസൂയ ഉള്ളവനാണല്ലോ നിങ്ങളുടെ ദൈവം. മനുഷ്യൻ ദൈവത്തോടൊപ്പം ഉയരുന്നതിന് ദൈവം എന്തിനാണ് പേടിക്കുന്നത്. ഭയവും അസൂയയും ഉള്ളവൻ എപ്രകാരമാണ് ദൈവത്തിന്റെ സ്ഥാനത്തിന് അർഹനാകുന്നത് എന്ന് നിങ്ങൾ ചിന്തിക്കണം.

പുറപ്പാട് പുസ്തകം പന്ത്രണ്ടാമദ്ധ്യായത്തിൽ ഇപ്രകാരം പറയുന്നു. മിസ്രേയം ദേശത്തുള്ള എല്ലാ കടിഞ്ഞൂൽ കുട്ടികളെയും പാതിരാത്രിയിൽ കൊന്നു. ഫറവോന്റെ ഹൃദയത്തെ കഠിനപ്പെടുത്തി. തന്റെ കല്പനയെ കൈക്കൊള്ളാതെ വിലക്കികൊണ്ട് അവനെയും അവന്റെ സേനകളെയും തന്റെ മഹിമ പ്രകാശിക്കുന്നതിനുവേണ്ടി സമുദ്രത്തിൽ മുക്കികൊന്നു. ലേവിയ പുസ്തകം പതിനാറാമദ്ധ്യായം ഒന്നാം വരി ഇപ്രകാരം പറയുന്നു. തന്റെ സന്നിധിയിൽ വന്ന അഹോരന്റെ പുത്രന്മാരെ രണ്ടുപേരെ കൊന്നു. സാമുവേൽ പുസ്തകം ഒന്നാമദ്ധ്യായം 25-38ൽ നാബാൻ എന്നവനെ അടിച്ചു കൊന്നു. പിന്നെ ഇസ്രയേൽ ജനങ്ങളുടെയും മറ്റുപലരുടെയും ഇടയിൽ അനേകം കലഹങ്ങൾ ഉണ്ടാക്കി. വളരെ കൊല ചെയ്തു എന്നു പറഞ്ഞിരിക്കകൊണ്ട് നിങ്ങളുടെ ദൈവം ജീവദ്രോഹിയാണ്. നിങ്ങളുടെ ദൈവം ജനദ്രോഹിയുമാണല്ലോ. എന്തിനാണ് ഈ കടിഞ്ഞൂൽ കുട്ടികളെ കൊന്നത് എന്തിനാണ് ഇവരെ പരസ്പരം കലഹിച്ചു തമ്മിലടിച്ചു കൊന്നത്. രണ്ടുപേരെ എന്തിനാണ് മുക്കി കൊന്നത്. ഇതെല്ലാം ദൈവീകമായ ഗുണനിലവാരമുള്ളതിന്റെ ലക്ഷണമൊന്നുമല്ലല്ലോ ഇപ്രകാരം ഉജ്ജ്വലനായ ദൈവമാണ് നിങ്ങളുടെ യഹോവ എങ്കിൽ എന്തിനാണ് അദ്ദേഹം ഈ നീചകർമ്മങ്ങൾ ചെയ്തത്.



Scanned with CamScanner

തന്റെ മഹിമ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രയ്തനിച്ച് തിരിയുന്നവനെന്നും ബൈബിൾ പല സ്ഥലത്തും പറഞ്ഞിരിക്കെകൊണ്ട് നിങ്ങളുടെ ദൈവം വെറും സ്തുതിപ്രിയനായ മനുഷ്യരൂപത്തെയാണല്ലോ കാണിക്കുന്നത്. ഇനി ഒന്നു കൂടി ശ്രദ്ധിക്കുക. ആദിപുസ്തകം ഒന്നാമദ്ധ്യായത്തിൽ 26-27 വരികളിൽ ദൈവം തന്റെ രൂപമായി മനുഷ്യനെ സൃഷ്ടിച്ചു കാണുന്നു. അപ്പോൾ യഹോവ എന്ന നിങ്ങളുടെ ദൈവം അരൂപിയാണോ സ്വരൂപിയാണോ അദ്ദേഹം ഒരിക്കലും സ്വരൂപിയല്ല അരൂപി തന്നെയാണ്. സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമാകണമെങ്കിൽ അദ്ദേഹത്തിന് മനുഷ്യന്റെ ആകൃതി ഉണ്ടായാൽ പറ്റുകയില്ലല്ലോ. പിന്നെ നിങ്ങൾ എങ്ങനെയാണ് ബൈബിളിനെ സത്യവേദപുസ്തകം എന്നു പറയുന്നത്. നിങ്ങളുടെ ദൈവം തന്നെ നുണയാണല്ലോ പറഞ്ഞത്. ഇനിയും ബൈബിൾ പുസ്തകത്തിൽ കാണുന്ന യഹോവയുടെ ദുർഗുണങ്ങളെയും, ദുരാചാരങ്ങളെയും ദുർവാക്കുകളെയും പറയുക എന്നു വച്ചാൽ അധിക വിസ്താരമായി പോകുമെന്നും ഇത്രയുംകൊണ്ട് മതിയാകും എന്നു കരുതി നിങ്ങളുടേ യഹോവയുടെ ഗുണങ്ങളെ ഞാൻ ഇവിടെ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇനി മറ്റു വിഷയങ്ങളിലേക്ക് കടക്കാം.

ഇനി നിങ്ങളുടെ ബൈബിൾ പറയുന്നു, ജ്ഞാനത്തിന്റെ വടിവിലാണ് അവൻ മനുഷ്യനെ സൃഷ്ടിച്ചത് എന്ന്. ഈ വരിയിലും വലിയ ദോഷമിരിക്കുന്നു. അതായത് ആദിമനുഷ്യനെ ജ്ഞാനത്തിന്റെ രൂപമായിട്ടാണ് സൃഷ്ടിച്ചതെങ്കിൽ അവന് സ്വാഭാവികമായിട്ടും ജ്ഞാനം പ്രകാശിക്കാതിരിക്കുമോ? പ്രകാശിച്ചിരുന്നു എങ്കിൽ ഗുണദോഷങ്ങളെ തിരിച്ചറിയാതിരിക്കുമോ? അറിഞ്ഞിരുന്നു എങ്കിൽ തന്റെ സ്ത്രീ പിശാചായ സർപ്പത്തിന്റെ കൈവശപ്പെട്ടുപോകുമോ അവൾ വശപ്പെട്ടു പോയാലും അവളുടെ വാക്കിന് ഇവൻ കേൾക്കുമായിരുന്നോ? ഇല്ലല്ലോ? അതുകൊണ്ട് സ്വരൂപമെന്നത് നിങ്ങളുടെ ദൈവം ജ്ഞാനരൂപത്തിലല്ല മനുഷ്യനെ സൃഷ്ടിച്ചത് എന്ന് വ്യക്തം. മനുഷ്യന് ജ്ഞാനമുണ്ടാകുന്നത് ദൈവത്തിന് കോപം ഉണ്ടാക്കുന്നതാണ്. എന്നുള്ളതും വ്യക്തമാണല്ലോ.

ആദവും ഹവ്വയും സ്വന്തം നഗ്നത മറച്ചു വച്ചതുകൊണ്ടാണല്ലോ ദൈവം പോലും അവരെ ശപിച്ച് നിങ്ങൾക്ക് വിവേചനം ഉണ്ടായി എന്ന് ധരിച്ചത്. ഇപ്രകാരം സ്വന്തം സൃഷ്ടി ജനിച്ചപടി നടക്കണമെന്ന ദൈവം വിചാരിച്ചതെന്തുകൊണ്ടാ



Scanned with CamScanner

ണ്. അപ്പോൾ കനി തിന്നതിന്റെ ശേഷം ഗുണദോഷജ്ഞാനം പോലും നിങ്ങളുടെ ദൈവത്തിനില്ലെന്നും, ഒരുവേള ഉണ്ടെന്നും പറയുന്ന പക്ഷം, യഹോവ ഈ കനി എപ്പോഴോ ഒരിക്കൽ തിന്നിട്ടാണ് ഗുണദോഷജ്ഞാനം ലഭിച്ചത് എന്നു പറയേണ്ടിവരും. പണ്ടെങ്ങാണ്ടോ ഈ കനി തിന്നിട്ടുണ്ടാകുമെന്നർത്ഥം. അതിനു മുമ്പ് അദ്ദേഹം ഗുണദോഷജ്ഞാനമില്ലാതിരുന്ന ദൈവമായിരുന്നു എന്ന് നിങ്ങളുടെ ബൈബിൾ തന്നെ പറയുന്നതിനെ വ്യാഖ്യാനിച്ചെടുക്കാം എന്നു നിങ്ങൾ അംഗീകരിക്കുമല്ലോ!

ആദിപുസ്തകം മൂന്നാം അദ്ധ്യായം എട്ടാം വരിയിൽ തണുപ്പുള്ള സമയത്ത് തോട്ടത്തിൽ സഞ്ചരിക്കുന്ന യഹോവ എന്നിരിക്കയാൽ യഹോവ ഉച്ചകാലത്തെ വെയിലിനെ ദയപ്പെട്ട് ഇളവെയിലിൽ സുഖത്തിനു വേണ്ടി ഉലാത്തുന്നവനായും, അതുകൊണ്ട് ശീതോഷ്ണസുഖാദികളെല്ലാം ഉള്ളവനാണെന്നും വ്യക്തമാ ക്കുന്നു. അദ്ദേഹം സുഖദുഃഖങ്ങൾക്കതീതനായ ഒരു പ്രപഞ്ചചൈതന്യമല്ല എന്നുള്ളതും നിങ്ങൾതന്നെ അംഗീകരിക്കുന്നു എന്നുള്ളതു വ്യക്തമാണല്ലോ ഇവിടെ.

ഇനി ഞാൻ ക്രിസ്തുവിനെക്കുറിച്ച് അല്പം ചിലതു പറയാം. യേശുക്രിസ്തുവും അല്പം പോലും ദൈവത്വമില്ലാത്ത ആളാണെന്ന് കാണിക്കുവാൻ ബുദ്ധിമുട്ടുമില്ല. നിങ്ങളുടെ സത്യവേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മാത്രം ഉദ്ധരിച്ചുകൊണ്ട് ക്രിസ്തു ജനിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹമൊരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു. ഒരു ദൈവത്വവും അദ്ദേഹത്തിൽ ആരോപിക്കേണ്ടതായിട്ടില്ല എന്ന് വ്യക്തമാകും. യേശുക്രിസ്തു ജനിച്ചപ്പോൾ തന്നെ ലോകപ്രസിദ്ധങ്ങളായ അത്ഭുതങ്ങൾ എന്തെങ്കിലും ഉണ്ടായതായിട്ട് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? സാധാരണ പ്രസിദ്ധങ്ങളായ അത്ഭുതങ്ങൾ എന്തെങ്കിലുമവിടെ സംഭവിക്കുകയുണ്ടായോ? സാധാരണ മനുഷ്യരൂപത്തെപ്പോലെയല്ലാതെ നാലുതല, എട്ടുകൈ, ഇങ്ങനെ വല്ലവിധവുമായിരുന്നോ യേശുക്രിസ്തുവിന്റെ ജനനം. ജനിച്ചപ്പോൾ തന്നെ എണീറ്റുനടന്ന് ഉപദേശിപ്പാൻ അദ്ദേഹം തുടങ്ങിയോ? വിശപ്പ്, ദാഹം, നിദ്ര, ജലം, മലം ഇവ ഉപാധികളോടു കൂടിയല്ലാതെയാണോ അദ്ദേഹം വളർന്നത്. ഇല്ലല്ലോ. പിന്നെ അദ്ദേഹം ജനിച്ച മുഹൂർത്തവിശേഷം കൊണ്ട് ആദ്യം തന്നെ മാതാവിങ്കൽ പാതിവ്രത്യദോഷശങ്ക ആരോപിക്കപ്പെട്ടു. രണ്ടാമത് ആ ദിക്കിൽ അന്നേ ദിവസം രണ്ട് വയസ്സിനകം



Scanned with CamScanner

പ്രായമുള്ള 3000 കുട്ടികൾ കൊല്ലപ്പെടുകയും തൻനിമിത്തം ജനങ്ങൾക്കുണ്ടായ വ്യസനാദിക്കും ഹേതുവായിട്ട് ആ ദിക്കു മുഴുവനും ശൂന്യമടഞ്ഞുപോവുകയും ചെയ്തുവല്ലോ? ദൈവപുത്രനാണ് ജനിച്ചതെങ്കിൽ അതുനിമിത്തം സന്തോഷപ്പെടുവാനുള്ള ദിക്കുമുഴുവനും ഇങ്ങനെ വ്യസനം കൊണ്ടാടുമോ. ഒരിക്കലുമില്ല. ആയതുകൊണ്ട് ക്രിസ്തുതന്നെ അനാദിയായിട്ട് ബന്ധിച്ച് പലകാരണത്താൽ പൂർവ്വകാലീനകർമ്മാനുസാരമായിട്ട് മായാകാര്യമായ ചർമ്മം, രക്തം, മാംസം, മേദസ്സ്, അസ്ഥി തുടങ്ങി സപ്തധാതുക്കളെക്കൊണ്ട് ഉണ്ടായ ശരീരത്തെ എടുത്ത് ഗർഭോല്പത്തിയായപ്പോൾ മാതാവിൽ നിന്ന് ജനിച്ചു എന്ന സാധാരണ മനുഷ്യർക്ക് സംഭവിക്കുന്നത് മാത്രമല്ലേ യേശുക്രിസ്തുവിനും സംഭവിച്ചുള്ളൂ. കൂടാതെ ജനിച്ച സ്ഥലങ്ങളിലും സമീപപ്രദേശത്തും അലഞ്ഞുതിരിഞ്ഞ് മുപ്പത്തിമൂന്നാമത്തെ വയസിൽ താൻ ചെയ്ത മഹാദോഷങ്ങൾ നിമിത്തം കുരിശിൽ തറയ്ക്കപ്പെട്ട് നിലവിളിച്ചു പറഞ്ഞ് അവസാനിപ്പിക്കാൻ കഴിയാത്ത വേദനകളോടുകൂടി മരിച്ചതുകൊണ്ടും മറ്റു കാരണങ്ങളാലും അദ്ദേഹം സാധാരണ ജീവന്മാരേക്കാളും ദുഷ്ടജീവനാണ് എന്നുള്ളത് തെളിവായിരിക്കുന്നു എന്ന് വ്യക്തമാണ്.

യേശുക്രിസ്തു തനിക്ക് വിശന്ന സമയത്ത് അത്തിമരത്തിന്റെ അടുത്തു ചെല്ലുകയും അതിൽ പഴമൊന്നുമില്ല എന്നു കണ്ടപ്പോൾ അത്തി മരത്തെ ശപിച്ചതും ശരിയായോ? അതിലും വിശേഷമായിട്ടുള്ളത് ഒരു ദേവദൂതനായിരുന്നുവെങ്കിൽ തനിക്ക് വേണ്ട പഴത്തെ അത്തിമരത്തിൽ നിന്ന് സൃഷ്ടിച്ച് ജനങ്ങളുടെ സമക്ഷം തന്റെ മഹത്വത്തെ കാണിക്കുന്നതിനു പകരം പാവപ്പെട്ട അത്തിമരത്തെ ശപിച്ചത് എത്ര ഘോരമായ പാപമാണ്.ഇതെന്തൊരു ഭ്രാന്ത്? കഷ്ടം, കഷ്ടം. സാക്ഷാൽ സ്വർഗ്ഗത്തിലിരുന്നപ്പോൾ ഉണ്ടായിരുന്നു എന്നു പറയുന്ന ഒരു ഗുണവും യേശുവിനില്ലായിരുന്നു. ഇനിയും ഒന്നുകൂടി പറയട്ടെ, ഇരുപത്തിരണ്ടാം അദ്ധ്യായം നാല്പത്തിമൂന്നാമത്തെ വരിയിൽ ഇപ്രകാരം പറയുന്നു. ആകാശത്തുനിന്ന് ഒരു ദൈവദൂതൻ വന്ന് അവനെ ബലപ്പെടുത്തി. യോഹന്നാൻ പതിനൊന്നാം അദ്ധ്യായത്തിൽ അമ്പത്തെട്ടാം വരിയിൽ ഇപ്രകാരം പറയുന്നു. യേശു യഹൂദന്മാരെ ഭയപ്പെട്ട് ഒളിച്ചു നടന്നു എന്ന് കാണുകകൊണ്ട് യേശുദേവന് അല്ലെങ്കിൽ നിങ്ങളുടെ യേശുക്രിസ്തുവിന് പ്രത്യേകിച്ച് അമാനു



Scanned with CamScanner

ഷികമായിട്ടൊന്നും ഉണ്ടായിരുന്നില്ല എന്ന് വ്യക്തം.

അദ്ദേഹം യഹൂദന്മാരെ ദയപ്പെട്ടിരുന്നു എന്നു പറയുമ്പോൾ സാധാരണ മനുഷ്യനിലുള്ള വികാരം മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. സാധാരണ മനുഷ്യരെക്കാൾ കൂടുതൽ ബലം അദ്ദേഹത്തിന് ഉണ്ടായിരുന്നു. എങ്കിൽ പുറത്ത് നിന്നൊരു ദൈവദൂതൻ വന്ന് അദ്ദേഹത്തിനെ ബലപ്പെടിത്തേണ്ട വല്ല ആവശ്യവും ഉണ്ടായിരുന്നുവോ? മത്തായി ഇരുപത്തിയാറാമദ്ധ്യായം മുപ്പത്തിയേഴാം വരിയിൽ ഇപ്രകാരം പറയുന്നു. യേശുനാഥൻ ദുഖപ്പെട്ട് അതിവ്യസനപ്പെട്ട് തുടങ്ങി. എന്റെ ആത്മാവ് മരണം വരെയും മഹാദുഖപ്പെട്ടിരിക്കുന്നു എന്നു കാണുകയാൽ യേശു സമബുദ്ധിയുള്ളവനല്ലെന്നും ദുഖത്തെക്കുറിച്ച് പേടിയും സുഖത്തെക്കുറിച്ച് ആഗ്രഹവുമുള്ളവനാണെന്നും വന്നു പോകയാൽ യേശുക്രിസ്തു ഒരിക്കലും നിത്യാനന്ദനല്ല എന്ന സത്യവേദപുസ്തകം തന്നെ പറയുന്നുണ്ടല്ലോ. മത്തായി ഇരുപത്തിയേഴാം അദ്ധ്യായത്തിൽ നാല്പത്തിയേഴാം വരിയിൽ ഏലീ ഏലീ ശബത്താനി - അതിന്റെ അർത്ഥം എന്റെ എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ കൈവിട്ടു, എന്ന് യേശു ഉച്ചത്തിൽ നിലവിളിച്ച് പറഞ്ഞതായും കാണുന്നു. ഇതിനാൽ സാധാരണ മനുഷ്യനെ പോലെ തന്നെ മരണത്തെക്കുറിച്ചും ദയവും,ഭ്രമവും ഉള്ളവനായും നിലവിളിച്ചതുകൊണ്ട് വേദന സഹിക്കാൻ ധൈര്യവും ശക്തിയും ഇല്ലാത്തവനാണെന്നും തെളിയുന്നു. സർവ്വശക്തനല്ലാത്ത അല്പദേവതയെ സേവിച്ചതുകൊണ്ടവസാനക്കാലത്ത് നിരാധാരനായും തന്റെ വിശ്വാസവും ആഗ്രഹവും വിഫലങ്ങളായി എന്നു ദവിച്ചതും തെളിയുന്നു. യേശു സാധാരണ മനുഷ്യരെപോലെയുള്ള ഒരു വ്യക്തിയാണെന്നാണല്ലോ ഇതിനർത്ഥം. അത് നിങ്ങളുടെ വേദപുസ്തകത്തിലെ വരികൾ തന്നെ സ്പഷ്ടമാക്കുന്നുണ്ട്. പിന്നെന്തിനാണ് നിങ്ങൾ മറിച്ച് അദ്ദേഹത്തിൽ ദൈവത്വമാരോപിക്കുന്നത്.

യോഹന്നാൻ പത്താമദ്ധ്യായം മുപ്പത്തിമൂന്ന് മുതൽ മുപ്പത്തിയാറു വരെ ഇപ്രകാരം പറയുന്നു. യഹൂദന്മാർ യേശുവിനോട് മനുഷ്യനായിരിക്കുന്ന നീ, നീ തന്നെ ദൈവമെന്ന് പറയുകയും ദേവനെ ദൂഷിക്കുകയും ചെയ്യുന്നു എന്ന് കടന്നു ചോദിച്ചപ്പോൾ അവരോട് യേശുക്രിസ്തു ഇപ്രകാരമാണല്ലോ മറുപടി പറഞ്ഞത്. നിങ്ങൾ ദൈവമാണെന്ന് ഞാനും പറഞ്ഞിട്ടുണ്ടല്ലോ. അതായത് ഞാൻ ദൈവ



Scanned with CamScanner

മാണെന്ന് സ്വയം പറഞ്ഞിട്ടില്ല ദൈവീകമായ എന്തെങ്കിലും കഴിവ് എനിക്കുള്ള തായിട്ടും ഞാൻ പറഞ്ഞിട്ടില്ലല്ലോ എന്ന് യഹൂദന്മാരോട് യേശു വളരെ വ്യക്തമാക്കുന്നു. ഞാൻ ദൈവീകമായിട്ടൊരു കഴിവില്ലാത്തവനാണ് എന്ന് യേശുക്രാസ്തു വളരെ വ്യക്തമാക്കുന്നുണ്ട്. ഇനിയും മറിയം എന്ന കന്യക ഭർതൃസംയോഗം കൂടാതെ ജനിച്ചതു കൊണ്ട് യേശുവിന് ദേവത്വം ഉണ്ടായി എന്നുവരാം. അങ്ങനെയാണെങ്കിൽ ആ സത്രീയെ ജോസഫിന് ഭാര്യയായിട്ട് നിയമിക്കപ്പെട്ടതിനു ശേഷം ഗർഭം ധരിച്ചതുകൊണ്ട് അവനാലാകട്ടെ, വേറെയാകട്ടെ ചേരപ്പെട്ടുതന്നെ ഗർഭം ധരിക്കണമെന്നല്ലാതെ ചേരാതെയാണെന്ന് പറയുന്നത് എങ്ങനെയാണ്. പുരുഷസംയോഗമില്ലാതെ ഏതെങ്കിലും സത്രീ ഏതെങ്കിലും കാലത്ത് ഗർഭം ധരിച്ച് കുട്ടിയെ പ്രസവിച്ചിട്ടുണ്ട് എന്ന് തെളിയിക്കുവാൻ ശാസ്ത്രത്തിന് സാധിക്കുമോ ? അപ്രകാരം സംഭവിക്കാത്തിടത്തോളം കാലം നിങ്ങളുടെ വേദ പുസ്തകം ശാസ്ത്രീയമാണെന്ന് എപ്രകാരമാണ് പറയാൻ സാധിക്കുക.

ഇനി യേശുനാഥൻ ജന്മപാപസംബന്ധം കൂടാതെ ജനിച്ചു എന്നു നിങ്ങൾ പറയുന്നല്ലോ. ആദിമനുഷ്യൻ ചെയ്ത പാപം വിട്ടുപോകാതെ കണ്ട് അവന്റെ സന്തതികളിൽ ചേരുമെന്ന് ദൈവനിയമം ഇരിക്കകൊണ്ടും യേശു എന്ന ആളും ആ ആദിമനുഷ്യന്റെ സന്തതിയിൽ നിന്നുണ്ടായ മറിയത്തിന്റെ ഉദരത്തിൽ ജനിച്ചവനാക കൊണ്ട് ജന്മപാപം സംബന്ധിക്കുമെന്നുള്ളതിലേക്ക് സന്ദേഹമില്ല. അദ്ദേഹം പരിശുദ്ധനാകയാൽ പാപം സംബന്ധിക്കുകയില്ല എങ്കിൽ ജനിക്കുന്നതിനുമുമ്പേ പരിശുദ്ധമായിരിക്കുന്ന ജീവന്മാരേ എല്ലാവരേയും ജനിക്കുമ്പോൾ ജന്മപാപം പിടികൂടുമെന്നുള്ളതുകൊണ്ട് ദൈവം പക്ഷപാതിയാണെന്നു വരുന്നു.അല്ലെങ്കിൽ നിങ്ങളുടെ യേശുക്രിസ്തുവും പാപിയുടെ തലമുറയിൽ ജനിച്ചവനാണെന്ന് വ്യക്തമാകുന്നു. ആകയാൽ മറിയം പുരുഷനോട് ചേരാതെ പുത്രനെ പ്രസവിച്ചു എന്നുള്ളതു ശുദ്ധ കള്ളമാണ്. അതുകൊണ്ട് അതു ഹേതുവായിട്ട് യേശുവിന് ദൈവത്വം സാധച്ചുകൂടാ.അതൊരുവേള സത്യമെന്ന് കരുതികൊണ്ടാലും മനുഷ്യരിൽ വച്ച് ഒരു വിശേഷ മനുഷ്യൻ എന്നല്ലാതെ ജനിപ്പിക്കപ്പെട്ടയുടനെ മഹാദൈവം എന്നു പറയുന്നത് ശുദ്ധകള്ളമാണെന്ന് വ്യക്തമാക്കുന്നുണ്ടല്ലോ. ദൈവമേ എന്നെ കൈവിട്ടോ എന്നു നിലവിളിച്ചും എന്റെ ജീവനെ നിന്റെ കൈകളിൽ ഏൽപിക്കുന്നു എന്നു പറഞ്ഞും മരിച്ചതു കൊണ്ട് അദ്ദേഹം ദൈവ



Scanned with CamScanner

ത്തിന്റെ കൃപയെ അപേക്ഷിച്ചിട്ടുള്ള ഒരു സാധാരണ മനുഷ്യനാകുന്നു എന്നു വ്യക്തം. ഞാൻ ദൈവമാകുന്നു എന്ന് യേശു തന്നെത്താനെ പറഞ്ഞിട്ടുണ്ടോ എന്നറിയുന്നതിന് ബൈബിളിനെ ആയിരം പ്രാവശ്യം മറിച്ചും തിരിച്ചും നോക്കിയാലും ഒരിടത്തും ഒരു മരുന്നിനെങ്കിലും അല്പം പോലും കാണുകയില്ല. അങ്ങനെയിരിക്കെ എങ്ങനെയാണ്, ഏതു പ്രമാണത്തെ അനുസരിച്ചാണ് യേശുവിനെ നിങ്ങൾ ദൈവം എന്ന് പറയുന്നത്.താൻ ദൈവമാണെന്ന് തന്നെത്താനെ പറയുന്നതിലേക്ക് യേശുവിനെ പ്രിയമല്ലാത്തതുകൊണ്ട് അപ്രകാരം പറയാതിരുന്നു എന്നാണ് നുങ്ങളുടെ വാദം എങ്കിൽ യേശുവിന് പ്രിയമില്ലാത്തതും വിരോധവും താൻ പറഞ്ഞിട്ടില്ലാത്തതുമായ ആ വിഡ്ഢിത്തം മറ്റുള്ളവരുണ്ടാക്കി പറഞ്ഞുകൊണ്ടു നടക്കുന്നത് യേശു ദൈവമാണെന്ന് അങ്ങേരുപോലും പറയാത്ത അവസ്ഥയിൽ നിങ്ങളില്ലാത്തതു കെട്ടിച്ചമച്ചുണ്ടാക്കി തെറ്റിദ്ധരിപ്പിക്കുന്നതെന്തിനാണ്.

ബൈബിൾ പ്രകാരം 1850 സംവത്സരത്തിനു മുമ്പിൽ യേശുക്രിസ്തു ഈ ലോകത്തിലിരുന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ജനങ്ങളോട് നിങ്ങളിൽ ചിലർ ജീവനോടെ ഇരിക്കുമ്പോൾ തന്നെ ലോകത്തിന്റെ അവസാന കാലം വരുമെന്നും അപ്പോൾ ന്യായവിചാരണ ഉണ്ടാകുമെന്നും അതിനെ അവർ കാണുമെന്നും വിവരിക്കുകയുണ്ടായി. അതിന്റെ അർത്ഥം ലോകാവസാനത്തെക്കുറിച്ചോ ന്യായവിചാരണയെക്കുറിച്ചോ യേശുക്രിസ്തു പറഞ്ഞതു മുഴുവനും തെറ്റാണ്. കാരണം അദ്ദേഹം മരിച്ച് 1850 വർഷങ്ങൾ കഴിഞ്ഞിട്ടും ലോകവസാനവും ഉണ്ടായിട്ടില്ല, ന്യായവിചാരണയും ഉണ്ടായിട്ടില്ല. അതുകൊണ്ട് സാധാരണ മനുഷ്യർക്ക് പറ്റുന്നതിനേക്കാൾ അബദ്ധമാണ് യേശുക്രിസ്തുവിന് സംഭവിച്ചിരിക്കുന്നത് എന്ന് വ്യക്തമാകുന്നുണ്ട്. ന്യായവിചാരകാലവും ഇനിയും ആയിട്ടില്ലാത്തതുകൊണ്ട് യേശു വെറും നുണയാണ് പറഞ്ഞതെന്നുകൂടി നമുക്ക് നിശ്ചയിക്കുവാൻ സാധിക്കും. യൂറോപ്പ് ഭൂഖണ്ഡത്തിൽ ഈ വാക്യത്തേ സത്യമെന്ന് വിശ്വസിച്ച് ക്രിസ്ത്യൻമാരിൽ അനേകം പേർ ക്രിസ്തു ജനിച്ച് ആയിരം സംവത്സരത്തിൽ ലോകവസാനകാലം വന്നുപോയെന്ന് ഭയപ്പെട്ടു കടലിൽ ചാടി ചത്തു. ഇത് പത്രങ്ങൾ എഴുതി എങ്ങും പ്രസിദ്ധപ്പെടുത്തി വന്നതിൽ ഏറെക്കുറെ ഭൂഖണ്ഡം മുഴുവനും അക്കാലത്ത് ഇതു തന്നെ ഒരു വലിയ ഘോഷമായിരുന്നു. ഇതിനെ കേട്ടവരെല്ലാം ബന്ധപ്പെട്ട് പാതിരാമാരുടെ അടുക്കൽ ചെന്ന് അഭയം വീണ്

ശുശ്രൂഷ ചെയ്തു വന്നു. അക്കാലത്ത് സൈന്യത്തോടുകൂടി പോയിക്കൊണ്ടി രുന്ന ഒരാൾ സൂര്യഗ്രഹണം ഉണ്ടായിരുന്നത് കണ്ടിട്ട് ഈ ലോകവസാനം ആരം ഭിച്ചുപോയി, അതുകൊണ്ട് തന്നെയാണ് സൂര്യൻ മറയുന്നത്, ഇനി ചെറുത് ചെറു തായിട്ട് സമസ്തവും മറഞ്ഞുപോകും എന്നു നിശ്ചയിച്ച് ഭയപ്പെട്ട് ആ മനുഷ്യനും സൈന്യവും അങ്ങോട്ടുമിങ്ങോട്ടും കണ്ട ദിക്കിലേക്കോടി. ഇത്രയും വലിയ അന്ധ വിശ്വാസങ്ങൾ യൂറോപ്പ് മുഴുവനും നടന്നതും നിങ്ങളുടെ ബൈബിളിൽ പറ ഞ്ഞിരിക്കുന്നതും ശുദ്ധ അസംബന്ധവും തെറ്റും നുണയുമായതും കൊണ്ട്, ഇത് പറഞ്ഞതാകട്ടെ നിങ്ങൾ ദൈവമാണെന്ന് പറയുന്ന യേശുക്രിസ്തുവും. ഇപ്രകാരം ലോകജനതയെ മുഴുവനും തെറ്റിദ്ധരിപ്പിച്ച മഹാപാതകമാണ് അദ്ദേഹം ചെയ്തിരിക്കുന്നത്.

അതെല്ലാം എന്തിനു പറയുന്നു. നാഗരീകതയുള്ള ഈ കാലങ്ങളിലും ചില ക്രിസ്ത്യന്മാർ 1881-ാം വർഷം ആ വാക്യത്തെ വിശ്വസിച്ച് ഭയപ്പെട്ടതിനെ എല്ലാ വരും അറിഞ്ഞിരിപ്പാൻ ഇടയുണ്ടല്ലോ. ഇപ്പോഴും ചില പത്രികകളിൽ ക്രിസ്തു ഇതാ വരുന്നു, അതാ വരുന്നു, മേഘത്തിൽ നടുവെ വരുന്നു, കള്ളനെപ്പോലെ വരുന്നു, ഇതാ വന്നു പോയി എന്നെഴുതി ഭയപ്പെടുത്തുന്നുണ്ട്. വിശ്വസിപ്പാൻ ആരുമില്ലെങ്കിലും അവർ അല്പം ലജ്ജ കൂടാതെ എഴുതുന്നതിൽ നിന്ന് പിന്മാ റുന്നില്ല. അതുമിരിക്കട്ടെ മേൽക്കാണിച്ച ന്യായങ്ങളെക്കൊണ്ട് യേശുക്രിസ്തു ദൈവമല്ലെന്നും അദ്ദേഹം മുഖാന്തരം മനുഷ്യർക്ക് ഇഹപരസുഖങ്ങൾ യാതൊന്നും സിദ്ധിപ്പാൻ ഇടയില്ലെന്നും നിശ്ചയിച്ചിരിക്കുന്നു എന്ന് വ്യക്തമാണ്. അതുകൊണ്ട് എന്തിനാണ് ലോകത്തെ തെറ്റിദ്ധരിപ്പിച്ച് യേശുക്രിസ്തു ദൈവ മാണെന്ന് നിങ്ങൾ പറഞ്ഞു പരത്തുന്നത്. സത്യം നിങ്ങൾ ബൈബിളിൽ വായി ച്ചാൽ മനസ്സിലാകുമല്ലോ. എല്ലാവരുടേയും ഉള്ളിലിരിപ്പിനേയും വരുവാൻ പോകു ന്നതിനെക്കുറിച്ച് അറിവുള്ളവനാണ് യേശുക്രസ്തു എന്ന് നിങ്ങൾ പറയുന്നു ണ്ടല്ലോ. അപ്രകാരമാണെങ്കിൽ ഒരുവേള നിങ്ങൾ ഉണ്ടെന്ന് നിരൂപിച്ചുകൊണ്ടി രിക്കുന്ന യേശുവിന് അന്യഹൃദയവികാരത്തെക്കുറിച്ച് അറിഞ്ഞുകൂടാ എന്നു ള്ളത് വളരെ നിശ്ചയമാണെന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്ന വരി തന്നെ വ്യക്തമാക്കുന്നുണ്ട്. എന്തെന്നാൽ പണവും വാങ്ങിച്ചു കൊണ്ട് യേശുവിനെ കൊല്ലുന്നതിലേക്ക് കാണിച്ചുകൊടുത്തവനായ യൂദാസിന്റെ അവിശ്വാസത്തെ

അറിഞ്ഞുകൊള്ളാതെ അവനെ കൂട്ടത്തിലൊരുവനാക്കിവെച്ചുകൊള്ളുകയും അവന്റെ ചതിവിനെ അറിഞ്ഞ് തൽക്ഷണം തന്നെ മനസ്സെരിഞ്ഞ് പെട്ടെന്ന് അവനെ ശപിക്കുകയും ചെയ്തുകൊണ്ട് ഇനിയും അവനെക്കുറിച്ച് അത്രയും സമയംവരെ യേശുക്രിസ്തുവിന് ഒന്നുമറിഞ്ഞുകൂടായിരുന്നു എന്ന് വ്യക്തമാണ്. അപ്പോൾ എങ്ങനെയാണ് വരാൻ പോകുന്നതിനെക്കുറിച്ചും മറ്റുള്ളവരുടെ മനസ്സിലിരിപ്പിനെക്കുറിച്ചും യേശുക്രിസ്തുവിന് അറിയാമെന്ന് നിങ്ങൾ പറയുന്നത്. ശുദ്ധകള്ളമാണെന്ന് വ്യക്തമാണല്ലോ.

ഇനിയും യേശുനാഥൻ പല പ്രകാരത്തിലും അത്ഭുതങ്ങളെ ചെയ്തിട്ടുള്ളതുകൊണ്ട് ദൈവം എന്ന് വിചാരിക്കാമല്ലോ. എങ്കിൽ യേശുവിനാൽ ചെയ്യപ്പെട്ട അത്ഭുതങ്ങൾ എന്തെല്ലാമാണെന്നും അത് യേശു ചെയ്തു എന്ന് പറയുന്നത് സത്യം തന്നെയോ എന്ന് ആലോചിച്ചുനോക്കാം. യേശു പിശാചിനെ ജയിച്ച് ഓടിച്ചു എന്നു കാണുന്നു. പിശാച് എന്നുള്ളത് എന്താണ്? അത് ആരാൽ സൃഷ്ടിക്കപ്പെട്ടതാണ് എന്നറിയുന്നതിലേക്ക് ബൈബിളിനോട് അന്വേഷിച്ചാൽ ആയത് ഈ വിഷയത്തെപ്പറ്റി ഒന്നും പറയാതെ മൗനവ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു എന്നറിയാൻ നമുക്ക് സാധിക്കും. യേശു ദൈവമാണെന്നു വരികിൽ അടുക്കൽ പിശാച് വരുമോ?. കണ്ട ഉടനെ ഓട്ടം പിടിക്കുകയോ കാൽക്കൽ വന്ന് നമസ്കരിക്കുകയോ ചെയ്യുമായിരുന്നുവല്ലോ. മാടൻ, കാളി, അച്ചനാർ, ശിങ്കിലി, ഭൂതത്താൻ മുതലായ ചെറിയ ദൈവങ്ങളുടെ സാന്നിദ്ധ്യത്തിൻമുമ്പാകെ തന്നെ പിശാച് ഉപദ്രവമുള്ളവർ ചെന്നാൽ അയ്യോ ഞാൻ പൊയ്ക്കോള്ളാമോ, ഇതാ പോകുന്നേ എന്നു നിലവിളിച്ചുകൊണ്ട് ബാധിക്കപ്പെട്ടവനെ വിട്ടുകളഞ്ഞ് പായുന്ന അടയാളവും കാണിച്ചുപോകുന്നത് നമുക്ക് കാണാം. പിന്നെ ഇപ്രകാരമുള്ള സാധാരണ ദേവതകൾക്ക് മുമ്പിൽ പോലും ശക്തിയില്ലാത്ത യേശുക്രിസ്തുവിനെ നേരിട്ടു കയറി ആക്രമിച്ചു എന്നു പറയുമ്പോൾ അതിനെ തടുക്കുവാൻ പോലും ശക്തിയില്ലാത്ത യേശുക്രിസ്തുവിനെ ദൈവപുത്രസ്ഥാനം ആരോപിച്ച് അദ്ദേഹത്തെ എന്തിനാണ് അത്യുന്നതങ്ങളിലേക്ക് ഉയർത്തുന്നത്.

മത്തായി നാലാമദ്ധ്യായം 1 - 4 വരികളും ലൂക്കോസ് നാലാമദ്ധ്യായം 13 വരെയുള്ള വരികളും ക്രിസ്തുവിനെ പിശാച് പിടിച്ചെന്നും, കുറ്റം ചെയ്യുവാൻ നിശ്ചയിച്ചെന്നും, പട്ടിണിയിട്ടെന്നും, കാട്, നാട് മുതലായ പല സ്ഥലങ്ങളിലും കൊണ്ടു



Scanned with CamScanner

നടന്നെന്നും, ഉയർന്ന പർവ്വതത്തിൽ കയറ്റി എന്നും, തന്നെ വന്ദിക്കാൻ പറഞ്ഞെന്നും കാണുന്നതുകൊണ്ട് യേശുവിന് പിശാചനെ തന്റെ അടുക്കൽ വരാതെ ആക്കുവാനോ വന്നു പിടിച്ചതിനുശേഷം തന്നെ ഉപദ്രവിക്കാത്ത വിധത്തിൽ അടക്കിനിർത്തുവാനോ തൽക്ഷണം മാറ്റി ദൂരത്തു കളയുന്നതിനോ ഒന്നും തന്നെ ശക്തിയില്ലെന്നുള്ളത് വളരെ നിശ്ചയമാകുന്നു. അപ്രകാരമുള്ള യേശുക്രിസ്തുവിന് ഏതു ദൈവീകത്വ സ്വഭാവമാണ് ഉണ്ടെന്ന് നിങ്ങൾ പറയുന്നത്.

പിശാച് എന്ന വസ്തുത തന്നെ ശാസ്ത്രീയമായിട്ടില്ലാത്തതാണ്. അപ്രകാരം ഇല്ലാത്ത ഒരു വസ്തു യേശുവിനെ കയറി പിടിച്ചു എന്നു പറയുമ്പോൾതന്നെ അവിടെ ശാസ്ത്രീയമായ ഒരു മതമാണ് യേശുക്രിസ്തുവിൽ ദൈവീകമായ ചൈതന്യം ആരോപിക്കുന്നത് എന്നുള്ളതും സത്യമല്ലാതെയാകുന്നു. ആകട്ടെ! ഇനി യേശു പിശാചിന്റെ പരീക്ഷണങ്ങളിൽ ജയിച്ചോ എന്നും പരീക്ഷകൾ തന്നെ എന്തെല്ലാമായിരുന്നു എന്നും നോക്കാം. പിശാച് യേശുവിന് വിശപ്പ് ഉണ്ടെന്ന് കണ്ടിട്ട് അല്പവും കൂസൽ കൂടാതെ, നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ ചൊല്ലൂ എന്ന് പറഞ്ഞു. എന്നിട്ടോ യേശു അപ്രകാരം ചെയ്തില്ല, ബലേ ഭേഷ് ഇതാണോ ജയം. യേശു പിന്നെ എന്തു ചെയ്തു. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. ദൈവവായിലൂടെ വരുന്ന സകല വചനത്താലത്രെ എന്നു പറയുകമാത്രമെ ചെയ്തിട്ടുള്ളു. ഹ! ഹ! ഈ അസംബന്ധം പറഞ്ഞതും കല്ലുകളെ അപ്പമാക്കാതിരുന്നതും എന്തുകൊണ്ട്. യേശു 40 ദിവസം ഉപവസിച്ചതിന്റെ ശേഷം വിശന്നു എന്നു മത്തായിതന്നെ പറഞ്ഞിരിക്കകൊണ്ട് വിശപ്പില്ലാഞ്ഞിട്ടായിരുന്നു എന്നു നിശ്ചയിപ്പാനും പാടില്ല. വിശപ്പിനെ ജയിച്ചിരുന്നു. അതു കൊണ്ടാണെങ്കിൽ ഭക്ഷണത്തിന് ഒന്നുമില്ലാതിരുന്ന ആ സമയം നോക്കി വിശപ്പ് പ്രതികൂലമായിട്ട് വരുന്നതെന്തുകൊണ്ടായിരുന്നു.

സാധാരണ മനുഷ്യനുള്ള വിശപ്പും ദാഹവും ദേഷ്യവും എല്ലാമുള്ള ഒരു വ്യക്തി മാത്രമായിരുന്നു എന്ന് സത്യവേദപുസ്തകമായ ബൈബിളിൽ തന്നെ പറയുന്നുണ്ടല്ലോ. ആകയാൽ യേശുവിന് വിശപ്പില്ലാഞ്ഞിട്ടും വിശപ്പിനെ അകറ്റുവാൻ കഴിയുമായിട്ടും വേണ്ടെന്ന് തോന്നീട്ടുമല്ല കല്ലിനെ അപ്പമാക്കാഞ്ഞത്. ദിവ്യശക്തി എന്നുവേണ്ട ഒരു ജാലവിദ്യാശക്തിപോലും ഇല്ലാഞ്ഞിട്ടുതന്നെയാണ് എന്ന് വ്യക്ത

മാണ്. ഉത്തരം മുട്ടിയാൽ കൊഞ്ഞണം കാട്ടും എന്ന പഴഞ്ചൊല്ല് പോലെയത്രേ യേശുവിന്റെ ചില വാക്കുകൾ. പിന്നെ എന്തിനായിരുന്നു പരീക്ഷ. പിശാച് യേശുവിനെ എടുത്തുകൊണ്ട് ചെന്ന് ദേവാലയത്തിലെ മാളികമുറിയിൽ വച്ചുകൊണ്ട് താഴത്തു ചാടുക, പാതികേട്ട് ഒന്നും വരാതെ ദൈവദൂതൻ വന്ന് താങ്ങിക്കൊള്ളുമെന്ന് പറഞ്ഞു. എന്നിട്ടോ അപ്രകാരവും ചെയ്തില്ല. ഹോ! ഹോ! ഇവിടെ ഒന്നിനൊന്ന് നല്ല ജയമായിട്ടുതന്നെയാണ് കാണുന്നത്. എങ്കിലും യേശു മുമ്പിൽ പറഞ്ഞതുപോലെ ഇതിലേക്ക് ഉത്തരമായിട്ട് വല്ലതും പറഞ്ഞിട്ടുണ്ടോ? ഉണ്ട് ഉണ്ട്. നിന്റെ കർത്താവായ ദൈവത്തെ പരീക്ഷിക്കരുതെന്നും കൂടി എഴുതിയിരിക്കുന്നില്ലയോ എന്നായിരുന്നു പറഞ്ഞത്. ഇതെന്തൊരു അസംബന്ധം. പിശാച് പറഞ്ഞ പ്രകാരം ചാടാതിരുന്നതെന്തുകൊണ്ട്? യേശു ക്ഷമയുള്ളവനാകയാൽ ഇങ്ങനെ ചെയ്യാതിരുന്നെങ്കിൽ ഇത്ര ക്ഷമയുള്ള പുണ്യവാളൻ അന്യായമായിട്ട് ചില സമയങ്ങളിൽ ചിലരെ ശപിക്കുകയും ക്രൂര വാക്കു പറയുകയും ചെയ്തിരിക്കാൻ കാരണം യേശുക്രിസ്തുവിന് തന്റെ ദൈവത്തോട് വിശ്വാസമില്ലായിരുന്നു എന്ന് ഉറപ്പാണ്.

അമാനുഷിക ശക്തി ഉണ്ടായിരുന്നെങ്കിൽ പിശാചിന്റെ മുമ്പിൽ താൻ ചാടിയതുപോലെ കാണിക്കാമായിരുന്നു. അതും യേശുക്രിസ്തു ചെയ്തില്ല. മറിച്ച് പിശാചിനെ വേണമെങ്കില നിലയ്ക്ക് നിർത്താമായിരുന്നു. അതിനും യേശുക്രിസ്തുവിന് സാധിച്ചില്ല. കാരണം യേശുക്രിസ്തു ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു.പിന്നെയും യേശുവിന് പമ്പരം പോലെ കറക്കിയെടുത്ത് ഒരു വലിയ മലയുടെ മുകളിൽ കൊണ്ട് ചെന്ന് സകലരാജ്യങ്ങളെയും കാണിക്കുകയും തന്റെ പാദങ്ങളിൽ നമസ്കരിച്ചാൽ ഇതുകളെല്ലാം നിനക്ക് തരാമെന്ന് പറയുകയും ചെയ്തു. യേശു കിടന്ന് ഭയപ്പെട്ട് കുടുങ്ങി വിലപിച്ച് ഭ്രാന്ത് പറയുക മാത്രമെ അപ്പോൾ ചെയ്തുള്ളു. പിന്നെ ഭയം കൊണ്ട് എന്തെല്ലാം ഗോഷ്ഠികൾ പിശാചിന്റെ മുമ്പാകെ കാണിച്ചിരിക്കുമെന്ന് അവർക്ക് രണ്ടുപേർക്കും തന്നെ അറിയാം.

അതുമിരിക്കട്ടെ പിശാചിനെ ജയിക്കുകയും ശിക്ഷിക്കുകയും ചെയ്തുവെങ്കിൽ ജയവീരനെന്നും ലോകരക്ഷകനെന്നും വിശ്വസിച്ചുകൊള്ളാമായിരുന്നു. ഇവിടെ വാസ്തവമായിട്ട് പറയണമെങ്കിൽ യേശു പിശാചിനെ ജയിക്കുകയല്ല ഉണ്ടായത്. പിശാച് യേശുവിനെ ജയിക്കുകയായിരുന്നു. ആകയാൽ പിതാവ്, പവിത്രാ

ത്മാവ്, പുത്രൻ ഈ മൂന്ന് പേരും പരീക്ഷകനായ പിശാചിനെക്കാൾ ശക്തി കുറഞ്ഞവരെന്ന് നല്ലതിൻവണ്ണം തെളിയുന്നു. ഇങ്ങനെ പിശാചിനോട് തോറ്റവർ ദൈവമാണു പോലും. അതേ, അതേ ഇദ്ദേഹം നല്ല സമർത്ഥൻ തന്നെ. ഇദ്ദേഹം പിശാചിനെ ജയിച്ച ജയമേ ജയം. അദ്ദേഹം മലയിൽ നിന്ന് ചാടിയ ചാട്ടമേ ചാട്ടം. ഇദ്ദേഹം കല്ലിനെ അപ്പമാക്കിയ മിടുക്കേ മിടുക്ക്. അടേ അപ്പ, എന്തത്ഭുതം, അയ്യോ തന്റെ വാക്കുകളെ കേൾക്കാതെ യേശുവിനെ അപചയപ്പെടുത്താതെ പാപം എന്നു വിട്ടു ചൊല്ലി വിട്ടുകളഞ്ഞ പിശാചല്ലയോ യഹോവയേക്കാളും കൃപയുള്ളവൻ.

ഇനി യേശു വെള്ളത്തിൽ നടന്നു എന്ന് പറയുന്നതു സത്യം തന്നെ ആയിരുന്നാലും ആയത് ഒരതിശയമല്ല. ഇക്കാലത്ത് സാധാരണ മനുഷ്യർക്ക് ചെയ്യാൻ തക്കതായ ജലസ്തംഭം എന്നു പറയുന്ന ഒരു ജാലവിദ്യമാത്രമാണത്. ഇനി ജാലവിദ്യക്കാരും വൈദ്യന്മാരും മാസ്മരിസ്ക്കാരും ഇക്കാലങ്ങളിൽ ചെയ്യുന്നതായ ചില ചെറിയ വിശേഷങ്ങൽ പോലെ യേശുവും ചെയ്തതായിട്ട് കാണുന്നുണ്ട്. അവകൾ നിസ്സാരങ്ങളാകയാൽ ഇവിടെ വിവരിക്കുന്നുമില്ല. ഇനി യേശു ജനങ്ങളുടെ സകല പാപങ്ങൾക്കും ബലിയായിട്ട് മരിച്ചത് കൊണ്ട് ദൈവം എന്ന് പറയാം. എങ്കിൽ ഏത് ദൈവത്തിന് , ആരാണ് യേശുവിനെ ബലിയായിട്ട് കൊടുത്തത്. കുറ്റം ചെയ്ത യേശുവിനെ യഹൂദന്മാർ പിടിച്ചു കൊന്നു കളഞ്ഞു. അല്ലാതെ ഒരിക്കലും ബലിയായതല്ല. അദ്ദേഹം കുറ്റക്കാരനല്ലായിരുന്നുവെങ്കിൽ യഹൂദന്മാർ കൊല്ലുകയും ഇല്ലായിരന്നല്ലോ. അത്രയുമല്ല പാപബലിയായിട്ട് മരിക്കുന്നതിലേക്ക് മനസ്സോടുകൂടി അവതരിച്ചവനാണെങ്കിൽ താൻ നേരെ യഹൂദന്മാരുടെ ഇടയിൽ പരസ്യമാക്കാതെ ഗൂഢമായിട്ട് സഞ്ചരിച്ചത് എന്തിനാണ്. ഗൂഢമായിട്ടില്ലായിരുന്നുവെങ്കിൽ യോഹാന്നാൻ പതിനൊന്നാം അദ്ധ്യായം അമ്പത്തിയേഴാം വരിയിൽ ഇപ്രകാരം പറയുന്നത് ശ്രദ്ധിക്കുക. മഹാപുരോഹിതരും, പരീശരും യേശു ഇരിക്കുന്ന സ്ഥലത്തെ ആരെങ്കിലും അറിഞ്ഞാൽ തെര്യപ്പെടുത്തണമെന്ന് ഉത്തരവുകൊടുത്ത് അന്വേഷിപ്പിക്കുകയും ചെയ്തല്ലോ. എന്നിട്ടും കാണാതിരുന്നതെന്തുകൊണ്ടാണ്. അതിനാൽ ജനങ്ങളുടെ ഇടയിൽ യേശുക്രിസ്തു ഗൂഢമായിട്ട് തന്നെയാണ് സഞ്ചരിച്ചതെന്ന് നിശ്ചയമാണ്. മരണഭയം നിമിത്തം അദ്ദേഹം പുറം ലോകത്തിലേക്ക് വരുകയും ചെയ്തിരുന്നില്ല.



Scanned with CamScanner

സ്വയം ബലി അർപ്പിക്കാനായിരുന്നുവെങ്കിൽ ഒളിഞ്ഞും പാത്തും പതുങ്ങിയും അദ്ദേഹം എന്തിനാണ് നടന്നത്?

യോഹന്നാൻ പതിനൊന്നാമദ്ധ്യായം 53-54 വരികൾ ശ്രദ്ധിക്കൂ. അന്നു മുതൽ അവർ യേശുവിനെ കൊല്ലുവാൻ ആലോചന ചെയ്തുകൊണ്ടുവന്നതിനാൽ യേശു പ്രസിദ്ധമായിട്ട് യഹൂദന്മാരുടെ ഇടയിൽ സഞ്ചരിക്കാതെ അവിടംവിട്ട് മരുഭൂമിക്കരയിൽ എഫ്രായിം എന്ന നഗരത്തിലേക്ക് പോയി. അവിടെ ശിഷ്യന്മാരുമായി പാർത്തു എന്നും, യോഹന്നാൻ എട്ടാമദ്ധ്യായം 58-59 വരികളിലൂടെ യഹൂദന്മാർ കല്ലെറിയാൻ തുടങ്ങിയപ്പോൾ ഒളിച്ചുപോയിക്കളഞ്ഞെന്നും മലയുടെ വക്കിൽ കൊണ്ടുചെന്ന് തലകീഴായി താഴ്ത്തി തള്ളുന്നതിന് യഹുദന്മാർ ഭാവിച്ചപ്പോൾ ഒളിച്ചോടി എന്നും എഴുതിയിരിക്കുന്നത് എന്തു കൊണ്ടാണ്? ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. ഹേ! ക്രിസ്തീയ പ്രാസംഗികളെ, യേശു സ്വയം അർപ്പിക്കാൻ തയ്യാറായിരുന്നില്ല. അദ്ദേഹം ഒരു ബലി മൃഗവും ആയിരുന്നില്ല. ദൈവത്തിന്റെ മുമ്പിൽ സ്വയം ബലി അർപ്പിക്കാൻ അദ്ദേഹം തയ്യാറായി നിന്നുകൊടുത്തിരുന്നു എങ്കിൽ ഇപ്രകാരം ഓടിയും ചാടിയും മറ്റുള്ളവർ കാണാതെ രക്ഷപ്പെടാനുള്ള സാധാരണ മനുഷ്യരുടെ എല്ലാ വിക്രിയകളും അദ്ദേഹം ചെയ്തത് എന്തിനാണ് എന്നുള്ളതിന്റെ ഉത്തരം ബൈബിളിൽ കാണുന്നുമില്ല.

ആകെപ്പാടെ പിതാവ് തന്നെക്കുറിച്ച് ഇന്നപോലെ നിശ്ചയിച്ചിട്ടുണ്ടെന്നും ആ സ്ഥിതിക്ക് അപ്രകാരമേ ഭവിക്കൂ എന്നുമുള്ള ഒരറിവും വിശ്വാസവും യേശുവിനുണ്ടായിരുന്നു എങ്കിൽ നിശ്ചയമായിട്ടും ഒളിച്ചു നടക്കുകയില്ലായിരുന്നു. അല്ലാത്തപക്ഷം യേശുവിനെ കാണിച്ചു കൊടുത്ത യഹൂദാവിനെ അനുഗ്രഹിക്കാതിരുന്നതും, മത്തായി ഇരുപത്താറാം അദ്ധ്യായം ഇരുപത്തിനാലാം വരിയിൽ പറഞ്ഞിരിക്കുന്നതു പോലെ മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യന്, ഹാ! കഷ്ടം, ആ മനുഷ്യൻ ജനിച്ചില്ലെങ്കിൽ അവനു കൊള്ളാമായിരുന്നു എന്നിങ്ങനെ യേശു ശാപമായിട്ട് പറഞ്ഞതും എന്തിനായിരുന്നു? യഹൂദായുടെ ഈ ദ്രോഹപ്രവർത്തിയെപ്പറ്റി അവൻ ശാസിക്കപ്പെട്ടില്ലെന്നും വരാതെയിരിപ്പാൻ വേണ്ടി ആയതിനെ ചൂണ്ടികാണിച്ച് കൊടുക്കുന്നതിൽ എന്താണ് തെറ്റ്. അതും പിതാവിനു വേണ്ടിയാണെങ്കിൽ സന്തോഷത്തോടുകൂടി



Scanned with CamScanner

താൻ കുരിശിലേറുകയല്ലേ വേണ്ടിയിരുന്നത്. അതൊന്നുമായിരുന്നില്ല വസ്തുത. സാധാരണ മനുഷ്യനായ യേശുവിനെ യഹൂദന്മാർ ശിക്ഷിക്കാൻ പോയപ്പോൾ അതിൽ ഭയപ്പെട്ട് മരണവേദന അനുഭവിച്ച് ദുഃഖിച്ച് അദ്ദേഹം പലരേയും ശപിക്കുകയും ദേഷ്യപ്പെടുകയും നിന്ദ്യമായി പ്രവർത്തിക്കുകയും വാക്കുകളു പയോഗിക്കുകയുമാണ് ചെയ്തത് എന്നുള്ളതാണ് സത്യം.

ഇനിയും യേശുവിന്റെ കഷ്ടതയക്ക് കാരണം യഹൂദാവിന്റെ കാട്ടിക്കൊടുക്കലോ പിതാവിന്റെ നിശ്ചയിക്കലോ അതോ രണ്ടും കൂടിയോ? യഹൂദാവിന്റെ കാട്ടിക്കൊ ടുക്കലാണെങ്കിൽ പാപബലിയല്ലെന്നു നിശ്ചയമാണ്. പിതാവിന്റെ നിശ്ചയിക്ക ലാണെങ്കിൽ അതിന് അനുകൂലമായി കാണിച്ചുകൊടുക്കലിനെ ചെയ്ത് യഹൂദാവിനെ ഒരിക്കലും ദ്രോഹിയാണെന്ന് പറയുകയും നരകത്തിൽ തള്ളുകയും ചെയ്തുകൂടാ. രണ്ടും കൂടിയാണെങ്കിൽ ഒന്നു ഗുണമെന്നും ഒന്നു ദോഷമെന്നും പറയുന്നത് വലിയ അന്യായമാണ്. അതിനാൽ യേശുക്രിസ്തു ഭയപ്പെട്ട് ഒളിച്ചു നടന്ന തന്നെ കാണിച്ചുകൊടുത്ത തിലുണ്ടായ സങ്കടംകൊണ്ട് മനസ്സ് എരിഞ്ഞ് യഹൂദായെ ശപിച്ചതു തന്നെയാണ്.

ഈ ന്യായങ്ങളെല്ലാം കൂടി നിരത്തുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. യേശുക്രിസ്തു പാപബലിയായിട്ടല്ല മരിച്ചത്. അപ്രകാരം ഒരു സങ്കല്പമേ അന്ന് നിലനിന്നിരുന്നില്ല. ഇല്ലാത്ത പാപബലി ദൈവത്തിന്റെ തന്നെ സൃഷ്ടിയായ യേശുക്രിസ്തുവിനെ ദൈവം തന്നെ കൊന്ന് തന്നിലേക്കെടുക്കുക എന്നു പറയുന്നതും ശാസ്ത്രീയവുമല്ല, ആത്മീയവുമല്ല എന്ന് വ്യക്തമാകുന്നുണ്ടല്ലോ. യേശു ഉയർത്തെഴുന്നേറ്റോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് വിചാരിക്കണ മെങ്കിൽ അപ്പോഴുണ്ടായിരുന്നവരിൽ ആരെങ്കിലും യേശു ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് കണ്ടിട്ടുണ്ടോ എന്ന് നോക്കേണ്ടത് അത്യാവശ്യമാണ്. അപ്പോഴിരുന്ന യഹൂദന്മാരെല്ലാവരും ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന് ഘോഷിക്കുന്നത് ശുദ്ധ അസത്യമാണെന്ന് പറഞ്ഞിരിക്കുന്നു. ഇപ്പോൾ പറഞ്ഞുവരുന്നു ഇനി ക്രിസ്തുവിന് സാധകമായി പറയുന്ന ബൈബിൾ കൊണ്ട്തന്നെ നോക്കാം.

ബൈബിളാചാര്യന്മാരിൽ ഒരുത്തരും യേശു ഉയർത്തെഴുന്നേറ്റതിനെ നേരെ കണ്ടതായി പറയുന്നില്ല. പിന്നെയോ, അവൻ കണ്ടു ഇവൻ കണ്ടു എന്നെല്ലാം



Scanned with CamScanner

അന്യന്മാരുടെ മേൽ പഴി ചുമത്തുന്നതേയുള്ളൂ. ഹോ! ശരിതന്നെ, അവർ കാണാത്തതിനെ എങ്ങനെയാണ് കണ്ടതായിട്ട് പറയുന്നത്. ഇതാ ശ്രദ്ധിക്കുക മത്തായിയുടെ വരികൾ ഇരുപത്തെട്ടാം അദ്ധ്യായം പതിനേഴാമത്തെ വരിയിൽ പതിനൊന്ന് ശിഷ്യന്മാരും യേശുവിനെ ഗലീലായിൽ കണ്ട് വന്ദിച്ചു. എന്നാൽ ചിലർ സന്ദേഹപ്പെടുകയും ചെയ്തു. ഈ പതിനൊന്നു പേരിൽ മത്തായിയും ഒരുവനാണ്. ഇയാൾ സന്ദേഹപ്പെട്ടവരിൽ ഒരുത്തൻ തന്നെയോ അല്ലയോ എന്നറിയുന്നില്ല. ഇയാൾ വാസ്തവത്തിൽ കണ്ടിരുന്നു എങ്കിൽ താൻ കണ്ടു എന്ന് എന്തുകൊണ്ട് പറഞ്ഞുകൂടാ. അതിനാൽ ഇയാളും സന്ദേഹിച്ചവരിൽ ഒരുവൻ തന്നെയാണ്. എന്നാൽ ചില ശിഷ്യന്മാരെങ്കിലും സംശയിപ്പാൻ എന്താണ് കാരണം? കണ്ടത് യേശുവിനെ അല്ലയോ? വളരെനാൾ ശുശ്രൂഷയും ചെയ്തുകൊണ്ട് യേശുവിനോടുകൂടി സഞ്ചരിച്ച പ്രധാന ശിഷ്യന്മാരുപോലും സംശയിച്ചു വിശ്വസിക്കാതെയും ഇരിക്കുന്ന സ്ഥിതിക്ക് 1855 സംവത്സരങ്ങൾക്കു മുമ്പ് ക്രിസ്തു ഉയർത്തെഴുന്നു എന്നു പറയുന്നതിനെ നാം എങ്ങനെയാണ് വിശ്വസിക്കുന്നത്. അല്ലാതെയും യേശു ഉയർത്തെഴുന്നേറ്റു എന്നു പറഞ്ഞവരായി മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ ഇവർ നാലുപേരും അന്യോന്യം വിരോധമായി പറഞ്ഞിരിക്കുന്നു എന്ന് നമുക്ക് ബൈബിളിൽ നോക്കിയാൽ കാണാൻ സാധിക്കും.

ഇതാ യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് യോഹന്നാൻ പറഞ്ഞിരിക്കുന്ന വരികൾ. പ്രഭാതകാലത്ത് ഇരുട്ടുള്ളപ്പോൾ മഗ്ദലനക്കാരി മറിയാ യേശുവിന്റെ കല്ലറയിൽ പോയി. ഇതിനെക്കുറിച്ച് മത്തായി പറയുന്നത് ഉഷസ്സിന് മഗ്ദലൂർ മറിയയും വേറെ മറിയായും രണ്ടു പേരുണ്ടായിരുന്നു കല്ലറയിൽ പോയി. മാർക്കോസ് പറയുന്നത് ശ്രദ്ധിക്കുക. അതികാലത്ത് സൂര്യോദയത്തിങ്കൽ മഗ്ദലന മറിയയും യാക്കോബിന്റെ അമ്മയായ മറിയയും സോളമേ എന്നിവരും, മൂന്നുപേർ, കല്ലറയിൽ പോയി. എത്രയും പ്രഭാതത്തിൽ മഗദലൂർ മറിയയും വേറെ സ്ത്രീകളും കല്ലറയിലേക്ക് പോയി.

ഇപ്രകാരം നാലുപേരും നാലു രീതിയിലാണ് പറയുന്നത്. മത്തായി പറയുന്നത് ശ്രദ്ധിക്കുക. യേശുവിന്റെ കല്ലറയിന്മേൽ കല്ലിരിക്കുന്നതായിട്ട് ഈ സ്ത്രീകൾ കണ്ടു. അപ്പോൾ ദൈവദൂതൻ വാതിലിലിരുന്ന കല്ലിനെ മറിച്ചു



Scanned with CamScanner

തള്ളിയും വച്ച് അതിന്മേൽ ഇരുന്നു. ഇനി മാർക്കോസ് പറയുന്നത് ശ്രദ്ധിക്കുക. സ്ത്രീകൾ കണ്ടപ്പോൾ കല്ലറയിന്മേൽ കല്ലില്ലായിരുന്നു. അപ്പോൾ ഒരു യുവാവ് (ദൈവദൂതനല്ല അദ്ദേഹം) കല്ലിന്മേൽ ഇരിക്കുന്നത് കണ്ടു. ഇനി മാർക്കോസ് അതേവരി എന്താ പറയുന്നത്. രണ്ടു മനുഷ്യർ നിൽക്കുന്നത് അവർ കണ്ടു. ഇവിടെ മത്തായി മാർക്കോസുകൾ പറഞ്ഞ ദേവദൂതനേയോ ഒരു ചെറുപ്പക്കാര നിരുന്നതിനേയോ ഇവർ കണ്ടില്ല. ഇനി യോഹന്നാൻ പറഞ്ഞത് ശ്രദ്ധിക്കുക. സ്ത്രീകൾ രണ്ടു ദൂതന്മാരെ ഇരുന്നതായിട്ട് കണ്ടു. മത്തായി പറഞ്ഞ ഒരു ദേവദൂതനെയോ മാർക്കോസ് പറഞ്ഞ ഇരുന്നിരുന്ന യുവാവിനേയോ ലൂക്കോസ് പറഞ്ഞ നിന്നിരുന്നവരായ രണ്ടു മനുഷ്യരേയോ ഈ സ്ത്രീകൾ കണ്ടില്ല. ഇനി ലൂക്കോസിന്റെ വരികൾ. പിന്നെ സ്ത്രീകൾ ഈ വിഷയത്തെപ്പറ്റി ശിഷ്യന്മാരോട് പറഞ്ഞു.

അതേ അവസ്ഥയെക്കുറിച്ച് മാർക്കോസ് പതിനാറാം അദ്ധ്യായം എട്ടാമത്തെ വരിയിൽ പറയുന്നു. സ്ത്രീകൾ ഭയന്ന് ഒരുത്തരോടും പറഞ്ഞില്ല. മത്തായി അതിനെക്കുറിച്ച് പറയുന്നു. സ്ത്രീകൾ ശിഷ്യന്മാരെ അറിയിക്കാൻ പോകുമ്പോൾ യേശുവിനെ കണ്ടില്ല. മത്തായിയുടെ വരി, മഗ്ദലൂർ മറിയ യേശുവിനെ കണ്ട് ഉടനെ യേശുവിന്റെ കാലിനെ തൊട്ടു വണങ്ങി. യോഹന്നാൻ ഇരുപതാം അദ്ധ്യായം പതിനേഴാം വരിയിൽ പറയുന്നു. മഗ്ദലൂർ മറിയ യേശുവിനെ തൊട്ടില്ല. യോഹന്നാൻ പറയുന്നു. ആദ്യം മഗ്ദലൂർ മറിയ കാണപ്പെട്ടു. ലൂക്കോസിന്റെ ഇരുപത്തിനാലാം അദ്ധ്യായം 50-51 വരികളിൽ ഇപ്രകാരം പറയുന്നു. യേശു ബഥനിൽ നിന്നും സ്വർഗ്ഗത്തിലേക്ക് പോയി. അപ്പോസ്തലൻ ഒന്നാം അദ്ധ്യായം 9-12 വരികളിൽ ഇപ്രകാരം പറയുന്നു. ക്രിസ്തു ഒലീവ് എന്ന മലയിൽ നിന്നും സ്വർഗ്ഗത്തിലേക്ക് പോയി. യോഹന്നാന്റെ വരികൾ ഇപ്രകാരം പറയുന്നു. യേശു 11 ശിഷ്യന്മാർക്കും ജറുശലേമിൽ വച്ച് ആദ്യപ്രാവശ്യം ദർശനം ഉണ്ടാക്കി. മത്തായിയുടെ വരികൾ ഇപ്രകാരം പറയുന്നു. യേശു കല്ലറയിൽ 3 പകലും 3 രാവും ഇരിക്കുമെന്ന് യേശു പറഞ്ഞു. മാർക്കോസ് പതിനാലാം അദ്ധ്യായം 25 മുതൽ 42-46 വരെയുള്ള വരികളിൽ ഇപ്രകാരം പറയുന്നു. യേശു കല്ലറയിൽ ഒരു പകലും 2 രാവും ഇരുന്നു.

ഈ നാലുപേരും പരസ്പരവിരുദ്ധങ്ങളായി ഇങ്ങനെ എഴുതിയിരിക്കുന്നതു



Scanned with CamScanner

കൊണ്ട് ഒരിക്കലും വിശ്വസിക്കത്തക്കവയല്ല. ഈ യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് എന്ന് വളരെ വ്യക്തമായ തട്ടിപ്പാണ്. ഇപ്രകാരം കൈവിട്ടുകളഞ്ഞ സ്ഥിതിക്ക് വേറെ ഇനിയെന്തോ ഒന്നാണ് ഇതിലേക്ക് ആധാരമായിട്ടുള്ളത് എന്ന് വ്യക്തം. അതായത് യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനെക്കുറിച്ച് വിവരണങ്ങൾ ഒന്നുംതന്നെ സത്യമല്ല. പരസ്പര വിരുദ്ധങ്ങളായ വരികളാണ് യേശുക്രിസ്തുവിന്റെ ശിഷ്യന്മാർതന്നെ പറയുന്നത്. എണ്ണത്തിലും വണ്ണത്തിലും സമയത്തിലും സംഭവത്തിലും എല്ലാം തന്നെ പരസ്പരവിരുദ്ധമായിട്ടും ഞങ്ങൾ കണ്ടു എന്ന് ഒരുമിച്ച് ഒരാളും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നു പറയുന്നത് ശുദ്ധനുണയാണെന്ന് വ്യക്തമാണല്ലോ.

ഇനി മറ്റൊരു വാദമുണ്ടെന്ന് വിചാരിക്കുക. അവർ നാലുപേരും ഇപ്രകാരം വിരുദ്ധങ്ങളായിട്ട് പറഞ്ഞു എന്നുവരികിലും അവരിലൊരുത്തനെങ്കിലും ക്രിസ്തു ഉയർത്തെഴുന്നേറ്റില്ല എന്നു പറഞ്ഞിട്ടുണ്ടോ. ഇല്ലല്ലോ, എന്നു ചില ക്രിസ്ത്യാനികൾ പറയുന്നു എങ്കിൽ ഇതിലേക്ക് ഒരു ദൃഷ്ടാന്തം പറയാം. തിരുവനന്തപുരത്ത് അട്ടക്കുളങ്ങര ഷാപ്പിൽ കട്ടിലിന്മേൽ കാലത്ത 6 മണിക്ക് ഒരു കാക്കയെ, വെളുത്ത കാക്കയെ ഒരാളു കണ്ടു. മറ്റൊരാൾ അതേ കാക്കയെ ശ്രീകാര്യത്ത് മറ്റൊരു സമയത്ത് കണ്ടു. അതേ കാക്കയെ മൂന്നാമതൊരാൾ ഇതേ സമയത്തുതന്നെ കഴക്കൂട്ടത്തും കാണുകയുണ്ടായി. നാലാമതൊരാൾ അതേ വെളുത്ത കാക്കയെ ശംഖുമുഖത്തും കൊട്ടാരത്തിലും ഇരിക്കുന്നതായിട്ടും കണ്ടു എന്നു പറയുന്നു എന്നു വിചാരിക്കുക. ഇതിന്റെ സത്യാവസ്ഥ വളരെ വ്യക്തമാണ്. ഒരേ കാക്ക നാലുപേർക്ക് ഒരേ സമയത്ത് നാലു സ്ഥലത്ത് കാണാൻ സാധ്യമല്ല. എന്നു വരികിലും ഇവരാരും തന്നെ പറയുന്നത് നമുക്ക് വിശ്വസിക്കാൻ സാധ്യമല്ല. അതിനപ്പുറം മറ്റൊരു കാര്യം ഈ നാലുപേരും വെള്ളകാക്ക ഇല്ലെന്നു പറഞ്ഞിട്ടില്ലല്ലോ? അതുകൊണ്ട് വെള്ളകാക്ക ഉണ്ട് എന്നുള്ളത് ഉറപ്പാണ് എന്നു പറയുകയാണെങ്കിൽ അത് പരിഹസിക്കുകയല്ലാതെ കളിയാക്കുകയല്ലാതെ പിന്നെ എന്താണ് നിവൃത്തി. നാലു സ്ഥലങ്ങളിൽ നാലു വ്യക്തികൾ ഒരു സമയത്ത് ഒരേ വെള്ളകാക്കയെ കണ്ടത് ശരിയല്ല. എങ്കിൽ പോലും വെള്ളകാക്ക ഇല്ല എന്ന് പറഞ്ഞിട്ടില്ലാത്തതുകൊണ്ട് വെള്ളകാക്ക ഉണ്ട്



Scanned with CamScanner

എന്ന് നിശ്ചയിക്കാനുള്ള യുക്തിയാണ് യേശുക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല എന്നു പറയാത്തതുകൊണ്ട് യേശുക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടുണ്ട് എന്ന നിയമത്തിലേക്കും ന്യായത്തിലേക്കും വന്നുചേരുന്നത്.

ഇത്രയുമല്ല അവസാനം യേശുവിനെ പിടിച്ചിരുന്നവർ അവനെ പരിഹസിച്ച് തല്ലി, കണ്ണുമൂടിക്കെട്ടി മുഖത്തടിച്ച് നിന്നെ അടിച്ചവനാരെന്ന് ചോദിച്ചതിന്റെ ശേഷം യേശുവിന് പറയാൻ കഴിഞ്ഞില്ല. ഏറോദേശ് രാജാവ് യേശുവിനെ കണ്ട് വളരെ സന്തോഷത്തോടുകൂടി വല്ലതും ഒരു അത്ഭുതം ചെയ്തുകാണിക്കാൻ പറഞ്ഞിട്ട് അതിനും യേശുക്രിസ്തുവിന് കഴിഞ്ഞിട്ടില്ല. എന്നിട്ടാണ് തൂക്കിലിടുവാൻ നിയമിച്ചത്. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും ഇവൻ യിസ്രായേൽ രാജാവെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരട്ടെ. എന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്നു പറഞ്ഞിട്ടും താൻ പ്രേതംപോലെ നിലനിന്നതല്ലേയുള്ളൂ. കല്ലേറു കൊള്ളുമെന്ന് തോന്നിയപ്പോഴും മലവക്കിൽ നിന്ന് തള്ളപ്പെടാൻ നേരത്തും ശിഷ്യന്മാരോടും സമാധാനം പറഞ്ഞേച്ചും ഭയന്ന് ഒളിച്ചോടിയപ്പോഴും അതിനെ ദിവ്യശക്തികൊണ്ട് മറഞ്ഞുകളഞ്ഞതാണെന്നല്ലയോ നിങ്ങൾ പറയുന്നത്. എന്നാൽ ആ ദിവ്യശക്തി ഈ സമയത്ത് എവിടെപ്പോയി. യേശുവിന് ഒളിച്ചുള്ള സഞ്ചാരം പതിവായിരുന്നു. ചിലപ്പോൾ ശത്രുക്കൾ വല്ലവരും പിടികൂടിയാലും വല്ലവിധവും ആൾക്കൂട്ടത്തിൽ പതുങ്ങി ഒളിച്ചോടുക പലപ്പോഴും ഉണ്ടായതിനാൽ ഒരിക്കൽ അവർ വളരെ താല്പര്യപ്പെട്ട് പിടികൂടുകയാണുണ്ടായത്. അപ്പോഴോ അകപ്പെട്ടുപോയി. അങ്ങനെയാണ് അവസാനത്തെ ദിവസം യേശുക്രിസ്തുവിനെ കുരിശിൽ തറയ്ക്കാൻ വേണ്ടി പിടിച്ചുകൊണ്ടുപോയത്.

ഒരു കാരണവശാലും അദ്ദേഹത്തിന് ദിവ്യശക്തി ഉണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം കളിയാക്കുമ്പോഴും കുരിശിൽ തറയ്ക്കുമ്പോഴും അത്ഭുതങ്ങൾ കാണിക്കാൻ പറയുമ്പോഴും എല്ലാം ഏതെങ്കിലും ഒരു വിധത്തിലെങ്കിലും തെളിവുകള ദ്ദേഹത്തിന് നിരത്താമായിരുന്നു. ഇനിയാകട്ടെ മേൽപ്പറഞ്ഞ അത്ഭുതങ്ങൾ എല്ലാം യേശു ചെയ്തതായിട്ട് നോക്കാം. എന്നാലും ദൈവം എന്ന് പറയാൻ പാടില്ല. എന്തുകൊണ്ടെന്നാൽ മോശ, ജ്യോഷ്വാ, ഏലീശാ, മുതലായവരും ഇതുപോലെ അനേകം അത്ഭുതങ്ങളെ ചെയ്തതായിട്ട്



Scanned with CamScanner

നിങ്ങളുടെ ബൈബിൾ ഘോഷിക്കുകയാൽ അവരെയും പ്രത്യേകം ദൈവം എന്നു പറയേണ്ടതായിട്ട് വരും. അതുകൊണ്ട് യേശുക്രിസ്തുവിന് കുറെ ജാലവിദ്യകളറിയാമെന്നാലെ, ബാലിശമായ വിദ്യകളറിയാമെന്നല്ലാതെ അദ്ദേഹം ദൈവത്തിന്റെ ദൂതനോ, ദൈവത്തിന്റെ പുത്രനോ അല്ല എന്ന് ബൈബിൾ വായിക്കുമ്പോൾ വ്യക്തമാകുന്നു.

ഇത്രയും പറഞ്ഞ കാര്യത്തിൽ നിന്ന് ഹേ, ക്രിസ്തീയ പ്രാസംഗികരേ, ഒരു കാര്യം വളരെ വ്യക്തമാകുന്നു. മരിച്ചുപോയ യേശു ഉയർത്തെഴുന്നേറ്റിട്ടില്ല എന്ന് ആ പ്രബലന്യായങ്ങൾ കൊണ്ട് സ്ഥാപിക്കുവാൻ വളരെ എളുപ്പമാണ്. ഇനി മരിച്ചതിന്റെ ശേഷം ഏതു സ്ഥിതിയിലായിരിക്കാം എന്നുള്ളതിനെ ബൈബിളിലെ ന്യായങ്ങളെക്കൊണ്ട് തന്നെ ചിന്തിച്ചു നോക്കാം. പാപികൾക്കെല്ലാവർക്കും നരകമാകുന്നു നിത്യവാസസ്ഥലം. എന്നാൽ യേശുവാകട്ടെ, എല്ലാവരുടേയും സകല പാപങ്ങളേയും ഏറ്റുപോയതുകൊണ്ട് എല്ലാവരേക്കാളും മഹാപാപിയും അതു ഹേതുവായിട്ട് ധിടിനെന്നും നരകത്തിൽ പോയി വീഴുന്നതിലേക്കു മാത്രമല്ലാതെ മറ്റൊന്നിനും യോഗ്യതയില്ലാത്തവനുമാകുന്നു. ആയതുകൊണ്ട് യേശു നരകത്തിൽ തന്നെ പതിച്ചിരിക്കുമെന്ന് ഉറപ്പായിട്ട് നിശ്ചയിക്കേണ്ടതാണ്. എന്നുതന്നെയുമല്ല ഇതിനനുസരണമായിട്ട് ക്രിസ്തു മരിച്ചതിന്റെ ശേഷം പാതാളത്തിൽ ഇറങ്ങി. എന്നുകൂടി അപ്പോസ്ഥന്മാരുടെ വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് സന്ദേഹമില്ല. ക്രിസ്തു നരകത്തിൽ തന്നെ പോയിരിക്കുന്നു എന്ന് തീർച്ചയായിരിക്കുന്നു.

ഇപ്രകാരം സ്വയം നരകത്തിൽ പോയിരിക്കുന്ന യേശുക്രിസ്തുവിന് പാപികളായ നിങ്ങളെ എങ്ങനെയാണ് രക്ഷിക്കുവാൻ സാധിക്കുക. അവനവനെത്തന്നെ രക്ഷിക്കാൻ സാധിക്കാത്ത ഒരു വ്യക്തിക്ക് മറ്റൊരുവനെ രക്ഷിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നത് ശുദ്ധ അബദ്ധമല്ലേ. നിങ്ങളുടെ ബൈബിളിൽ തന്നെ അപ്രകാരം സ്വയം രക്ഷപ്പെടാൻ സാധിക്കാത്തവർ മറ്റുള്ളവനെ രക്ഷിക്കാൻ സാധ്യമല്ലെന്ന് നിങ്ങൾ തന്നെ സിദ്ധാന്തമായിട്ട് പറയുന്നതുകൊണ്ട് നരകത്തിൽ പോയവനായ യേശുവും അപ്രകാരം തന്നെ മടങ്ങി കരേറിയി ട്ടില്ലെന്ന് നിശ്ചയിക്കുന്നതിനേ ന്യായമുള്ളൂ. ഇതിലേയ്ക്ക് അനുകൂലമായിട്ട് യോഹന്നാൻ ഇരുപതാം അദ്ധ്യായം പതിനേഴാം വരി ഒന്ന് വായിച്ചു നോക്കുക.



Scanned with CamScanner

എന്റെ പിതാവിന്റെ അടുക്കലേക്ക് ഇതുവരെയും കരേറിപോയിട്ടില്ല എന്നിങ്ങനെ പ്രമാണവും സിദ്ധിച്ചിരിക്കയാൽ സംശയമില്ല, മോക്ഷത്തിൽ പോയിട്ടില്ലെന്നും കൂടി തീർച്ചയായി. അപ്പോൾ മോക്ഷത്തിൽ വ്യാപിക്കാത്ത സ്ഥിക്കും എങ്ങും വ്യാപിച്ചിരിക്കുന്നു എന്നു പറയാനും പാടില്ല. അതുകൊണ്ട് തന്റെ യോഗ്യതയ്ക്ക് തക്കവണ്ണം ചെന്നു കേറുന്ന സ്ഥാനവും ആരായാലും അവിടെ ചെന്ന് അകപ്പെട്ടവർക്ക് ഒരു കാലത്തും മോചനമില്ലാത്ത സ്ഥലവുമായ നിത്യനരകത്തിൽതന്നെ അടങ്ങിക്കിടക്കുന്ന യേശുക്രിസ്തു എന്നല്ലാതെ വേറെ ഒരു വിധത്തിലും പറയുന്നതിലേക്ക് യുക്തിസഹമായ ഒരു തെളിവും ബൈബിൾ നിരത്തുന്നില്ല. അപ്രകാരം സ്വയം നിത്യ നരകത്തിൽ കിടക്കുന്ന യേശു ക്രിസ്തുവിനെ ആണയിട്ട് നിങ്ങൾ പ്രഭാഷണം നടത്തി. പാപികളല്ലാത്ത വ്യക്തികളുടെ പാപം പോലും യേശുവിൽ അർപ്പിക്കുന്നതിന്റെ അർത്ഥമെന്താണ്? നിത്യനരകത്തിൽ കിടക്കുന്ന ആർക്കെങ്കിലും സ്വയം രക്ഷപ്പെടാനോ യേശുവിനു രക്ഷപ്പെടുത്താനോ സാധിക്കുന്നില്ല എന്നുള്ളത് ശാസ്ത്രപരമായ വസ്തുത മാത്രമാണല്ലോ. ആയതിനാൽ കർത്താവ്, ദൈവം, കർത്താദി കർത്താവായ ദൈവം, കർത്താവാകുന്ന ക്രിസ്തു ഇവയൊന്നും തന്നെ യേശുക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം സത്യമായ പദപ്രയോഗങ്ങളല്ല. സ്വയം നരകയാതന അനുഭവിക്കുന്ന ഒരു വ്യക്തി മാത്രമാണ് യേശുക്രിസ്തുവെന്ന് ഈ വരികളിൽ നിന്ന് വളരെ വ്യക്തമാകുന്ന വസ്തുതയാണ്.

അതുകൊണ്ട് ബൈബിൾ ശ്രദ്ധാപൂർവ്വം വായിച്ച് ചോദ്യം ചെയ്ത് മാത്രം വിശ്വസിക്കുകയും ഉത്തരം കണ്ടെത്തുകയും അന്ധവിശ്വാസത്തെ കൈക്കൊ ള്ളാതെയും അതിനെ പ്രചരിപ്പിക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതാണ് സമൂഹത്തോട് ചെയ്യുന്ന നന്മയും സർവ്വോപരി രാഷ്ട്രസ്നേഹവുമായിത്തീരുന്നു.

## ചട്ടമ്പിസ്വാമികളുടെ ക്രിസ്തുമതച്ഛേദനം
## സംക്ഷിപ്തം ഒരു പഠനം

വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ ഒരു നൂറ്റാണ്ടുമുമ്പെഴുതിയ ക്രിസ്തുമതച്ഛേദനം എന്ന പഠനഗ്രന്ഥം സംക്ഷിപ്തമായി ഭാരതീയജനതയുടെ മുമ്പിൽ സമർപ്പിക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ബൈബിൾ എന്ന 'സത്യവേദ പുസ്തകമാണെന്നും' എല്ലാം യേശുദേവനാണെന്നും പറഞ്ഞുനടക്കുന്ന



Scanned with CamScanner

വരോട് ചോദിക്കേണ്ടതായ ചോദ്യങ്ങളും സമർപ്പിക്കുന്നു.

യഹോവയുടെ പ്രിയസൃഷ്ടിയായ ആദത്തെ പാർപ്പിച്ച ഏദൻതോട്ടത്തിൽ അവൻ തിന്നാൻ പാടില്ലാത്ത ഒരു കനിയുണ്ടാക്കുന്ന മരം എന്തിനു ദൈവം സൃഷ്ടിച്ചു? ദൈവം വിലക്കിയ കനിതിന്ന മനുഷ്യനെ ശപിക്കേണ്ടതിനുപകരം മനുഷ്യവംശത്തെ പാപിയാക്കി ശപിച്ച ദൈവം ചെയ്തത് എന്ത് വിവരക്കേട്? സർവ്വജ്ഞനായ ഈ ദൈവത്തിന് ആദം, ഈ കനി തിന്നുമെന്നറിഞ്ഞുകൂടായിരുന്നുവോ? പിന്നെന്തിനത് അവിടെ നിലനിർത്തി? പാമ്പിന്റെ രൂപത്തിൽ വന്ന പിശാചിനെ ശപിക്കുന്നതിനുപകരം പാവപ്പെട്ട പാമ്പുകളെ മൊത്തത്തിൽ ശപിച്ച ഈ ദൈവം എത്ര ക്രൂരനാണ്? സർവതിന്റെയും സൃഷ്ടികർത്താവായ യഹോവ അറിയാതെ പിശാചിനെ സൃഷ്ടിച്ചതാര്? മറ്റൊരു ദൈവമുണ്ടായിരുന്നുവോ?

ദൈവം സൃഷ്ടിച്ച വിവേകമില്ലാത്ത ആദത്തിന് വിവേകമുദിച്ചത് പിശാചുകാരണമായതിനാൽ (ക്രിസ്ത്യാനികൾ) വിവേകമുണ്ടായതിന് നന്ദിപറയേണ്ടത് പിശാചിനോടല്ലേ? വിവേകമില്ലായിരുന്നു എങ്കിൽ ആധുനിക മനുഷ്യന്റെ അവസ്ഥ എന്താകുമായിരുന്നു? പിശാച് ഉപദേശിച്ചില്ലായിരുന്നു എങ്കിൽ ആദവും ഹവ്വയും അവരുടെ തലമുറകളും ഇന്നും ഉടുതുണിയില്ലാതെ നടക്കുമായിരുന്നില്ലേ?

ജ്ഞാനക്കനി തിന്നാൽ, മനുഷ്യൻ ദൈവത്തെപ്പോലെ ആയിത്തീരുമെന്ന ഭയവും അസൂയയും വച്ചുനടക്കുന്ന ദൈവത്തെ ദൈവമെന്നെങ്ങിനെ പറയും? ആദം ഹവ്വയെ പ്രാപിച്ചു, ഹവ്വ കായിനെ പ്രസവിച്ചു. കായിൻ ഭാര്യയെ പ്രാപിച്ചു, ഹാനോക്കിനെ പ്രസവിച്ചു. ഹാനോക്കിൽ നിന്ന് ഈറാദുണ്ടായി. ദൈവം ആദത്തെയും ഹവ്വയെയും മാത്രമല്ലെ സൃഷ്ടിച്ചുള്ളൂ! കായീനും, ഹാനോക്കും, ഈറാദും കെട്ടിയ സ്ത്രീകളെ ആരാണു സൃഷ്ടിച്ചത്? അവരുടെ അച്ഛനമ്മമാർ ആദത്തിനുമുമ്പ് ജനിച്ചവരാണെങ്കിൽ ഇതെന്തൊരു ദൈവസൃഷ്ടി?

ഭൂമിയിൽ യഹോവക്ക് വൈരാഗ്യം, കോപം, അസൂയ, ജീവദ്രോഹം, സ്തുതിപ്രീതി, വ്യാകുലത്വം, ദുഷ്ടത്വം, അസത്യം മുതലായ വലിയ ദുർഗുണങ്ങളുണ്ടായിരുന്നതുകൊണ്ട് യഹോവ ദൈവം തന്നെയോ? 'പുറപ്പാട്' പുസ്തകത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. ഞാൻ വൈരാഗ്യമുള്ള ദൈവം! വൈരാഗ്യമെന്നു നാമമുള്ള യഹോവ, വൈരാഗ്യമുള്ള ദൈവമാകുന്നു! അതികോപം യഹോവയുടെ സാന്നിദ്ധ്യത്തിൽ നിന്നുപുറപ്പെട്ടു! ദൈവത്തിന് വൈരാഗ്യവും കോപവും



Scanned with CamScanner

എങ്ങിനെയുണ്ടായി? ജനങ്ങൾ ഒരു വലിയ മാളിക കെട്ടുന്നതുകണ്ട് അൽപ നായദൈവം അസൂയയാൽ അവരെ ഭിന്നിപ്പിച്ചു തകർത്തു! കഷ്ടമല്ലെ ഇത്? മിശ്രയും ദേശത്തുള്ള എല്ലാ കടിഞ്ഞൂൽ കുട്ടികളെയും പാതിരാത്രിയിൽ ഈ ദൈവം കൊന്നു! (ദയാവാരിധിയായ ദൈവത്തന്റെ വിക്രിയ) അഹരോന്റെ രണ്ടു പുത്രിമാരെയും ദൈവം കൊന്നു! നാബാനെ ദൈവം അടിച്ചുകൊന്നു! ഇസ്ര യിൽ ജനങ്ങളുടെയും മറ്റുപലരുടെയും ഇടയിൽ ലഹളകളുണ്ടാക്കി വളരെ കൊല ചെയ്തു! (ഈ ദൈവം ജീവദ്രോഹിയല്ലേ?) ഇസഹാക്ക് കള്ളം പറഞ്ഞ തിനാൽ ദൈവം അനുഗ്രഹിച്ചു. (കള്ളത്തരത്തിന് കൂട്ടുനിന്നു!) ഈ ദൈവ ത്തിനെ കണ്ടപ്പോൾ ആദവും ഹവ്വയും നാണിച്ചുവത്രെ! അപ്പോൾ എല്ലാവർക്കും കാണുവാൻ പറ്റുന്ന രൂപത്തിലുള്ള ദൈവമാണെങ്കിൽ, ഏദൻതോട്ടത്തിലൂടെ ചൂടേൽക്കാൻ ഭയന്നു നടക്കുന്ന മനുഷ്യരൂപത്തിലുള്ള യഹോവ സർവവ്യാപി യാകുന്നതെങ്ങിനെ? യഹോവ ഒരാത്മാവിനെ അയച്ച് കള്ളം പറയിപ്പിച്ച് ആകാബ് എന്നവനെയും അവന്റെ സൈന്യത്തേയും കൊന്നു! സർവശക്തനായ യഹോവ എന്തിന് കള്ളം പറയിച്ചു! ഇസ്രയേലൻമാരെ അയൽക്കാരുടെ ആഭരണം വാങ്ങി ഒളിച്ചോടാൻ യഹോവ കൽപിച്ചു! ഇതു നീചകർമ്മമല്ലേ? ദാവീദ് എന്നവൻ ഉറി യാവിന്റെ ഭാര്യയെ പിടിച്ച്, ദാവീദിന്റെ സ്ത്രീകളെ അവന്റെ അയൽക്കാരനോട് ശയിക്കാൻ കൽപിച്ചു! നീ ചെന്ന് വേശ്യാവൃത്തിയുള്ള ഭാര്യയെയും അതിലുള്ള പൈതങ്ങളെയും എടുത്തുകൊൾക എന്നു പറഞ്ഞു! ദൈവം വേശ്യാവൃത്തി അംഗീകരിക്കുന്നുവോ? മോശയുടെ അപേക്ഷയനുസരിച്ച് കർത്താവ് എല്ലാ വീടു കളിലുമുള്ള തവളകളെ കൊന്നു! (പാവം തവളകൾ). ഒരാണാടിനെ അറുത്ത് അതിന്റെ കുടലും കാലുകളും കഴുകിയെടുത്ത് തലയുടെ കൂടെ കർത്താ വിന് ബലികൊടുക്കാൻ പറഞ്ഞു! നിങ്ങൾ ചെല്ലുന്ന ദേശത്തിൽ വസിക്കുന്നവ രുടെ ബലിപീഠകൾ ഇടിച്ചു നിരത്തി സ്തംഭങ്ങൾ ഉടച്ച്, അശേരവിഗ്രഹങ്ങൾ തകർക്കുക. നീ മറ്റൊരു ദൈവത്തെ ആരാധിക്കരുത്, കാരണം കർത്താവ് അസ ഹിഷ്ണുവായ ദൈവമാകുന്നു. കർത്താവിന്റെ പേര് അസഹിഷ്ണുത എന്നാ കുന്നു! (കർത്താവ് ദയാവാരാധികയെങ്കിൽ എങ്ങിനെ അസഹിഷ്ണുവാകും!)

ക്രിസ്തുവിനെക്കുറിച്ചുള്ള സംശയങ്ങൾ? : യേശുക്രിസ്തു ജനിച്ച ദിവസം തന്നെ ജനങ്ങൾ യേശുമാതാവിൽ പാതിവ്രത്യദോഷം ചുമത്തി! ആ ദിക്കിൽ അന്വേദി



Scanned with CamScanner

വസം രണ്ടുവയസ്സിനകം പ്രായമുള്ള മൂവായിരം കുട്ടികൾ ക്രൂരമായി കൊല്ലപ്പെട്ടു! ദൈവപുത്രനാണ് ജനിച്ചതെങ്കിൽ ഇതു സംഭവിക്കുമായിരുന്നവോ? യേശു യഹൂദന്മാരെ കണ്ടു ഭയന്നു നടന്നതായി യോഹന്നാൻ പറയുന്നു. ദൈവപുത്രനെന്തിന് ഭയന്നുനടക്കണം? യേശു, പിശാചിനെ ജയിച്ച് ഓടിച്ചു എന്നു കാണുന്നു. എന്താണീ പിശാച് എന്ന് വിദ്യാഭ്യാസമുള്ളവർ വിവരിക്കാമോ? യേശു ദൈവമോ ദൈവപുത്രനോ ആണെന്നുവരുകിൽ പിശാചു അടുത്തുവരുമോ? കണ്ടഉടനെ ഓട്ടം പിടിക്കില്ലയോ? മത്തായിയും ലൂക്കോസും ഇതാ ആണയിട്ടു പറയുന്നു: ക്രിസ്തുവിനെ പിശാചു പിടിച്ചെന്നും, പട്ടിണിഇട്ടെന്നും, കാട്-നാട് എന്നീ പലേ സ്ഥലങ്ങളും കൊണ്ടുനടന്നു എന്നും, ഉയർന്ന പർവതത്തിൽ കേറ്റി എന്നുമൊക്കെ! പിശാചിനെ തന്റെ അടുത്തേക്ക് വരാതെയാക്കുവാനോ അടക്കിനിർത്തുവാനോ ഒന്നിനും ശക്തിയില്ലാത്ത യേശു എങ്ങിനെ ദൈവമാകും? പിശാചിൽനിന്നും യേശുവിന് യോഗ്യതാപത്രം സ്വീകരിച്ച് മാലോകരെക്കൊണ്ട് യേശുവിന്റെ മഹത്വം അംഗീകരിപ്പിക്കാനാണോ ദൈവം ഇതെല്ലാം ചെയ്തത്? ബുദ്ധിയുള്ള പിശാച് യേശുവിനോട് നീ ദൈവമാണെങ്കിൽ കല്ലുകളെ അപ്പമാക്കുവാനും, മാളികമുകളിൽനിന്നും ചാടുവാനും പറഞ്ഞു. യേശുവിന് അതൊന്നും ചെയ്യുവാൻ സാധിച്ചില്ല. യേശുവിനെ പിശാച് പമ്പരംപോലെ കറക്കി. ഒരുദൈവവും, ഭയപ്പെട്ട് വിറച്ചുനിന്ന യേശുവിനെ രക്ഷിക്കാൻ വന്നില്ല. സർവശക്തനായ ദൈവത്തിന് യേശുവിനെ പിശാചിൽനിന്ന് രക്ഷിക്കുവാനോ പിശാചിനെ നിലക്കുനിർത്താനോ സാധിച്ചില്ല! സ്വന്തം പുത്രനെ പിശാചിൽ നിന്നും രക്ഷിക്കാൻ പറ്റാത്ത ദൈവം ഹിന്ദുക്കളെ എങ്ങിനെ രക്ഷിക്കും!

യേശുവിന് വിശന്നപ്പോൾ അത്തിമരത്തിനോട് പഴം തരുവാൻ യാചിച്ചുവത്രെ. പഴമില്ലാത്തകാലത്ത് പഴം തരാൻ പറഞ്ഞാൽ മരം എന്തുചെയ്യും! ദയാവാരിധിയായ യേശു പഴം ഉണ്ടാകാൻ അനുഗ്രഹിക്കുന്നതിനുപകരം മരത്തെ ശപിച്ചു കരിച്ചുകളഞ്ഞു! പിശാചിനെ എന്തുകൊണ്ട് ഇപ്രകാരം ചെയ്തില്ല? യേശു വെള്ളത്തിൽ നടന്നു, കിടന്നു എന്നു പറഞ്ഞാൽ, ജലസ്തംഭമെന്ന ഈ ജാലവിദ്യ പഠിച്ചവർക്കാർക്കും ചെയ്യാവുന്നതാണ്! എറാദോസ് രാജാവ് യേശുവിനെ വണങ്ങി ഒരത്ഭുതമെങ്കിലും കാണിക്കാൻ പറഞ്ഞു. യേശുവന് ഒന്നും കാണിക്കാൻ പറ്റിയില്ല! യേശുവിന്റെ കണ്ണുകെട്ടി കവിളിൽ തട്ടി, ആരാണപ്രകാരം ചെയ്തതെന്നു



Scanned with CamScanner

പറഞ്ഞാൽ നീ ദൈവപുത്രനാണെന്നു ഞങ്ങൾ വിശ്വസിക്കാമെന്നു പറഞ്ഞു. അവിടെയും യേശു ദയനീയമായി പരാജയപ്പെട്ടു! ദൈവമാണെങ്കിൽ യേശു കുരുശിൽ നിന്നിറങ്ങിവരട്ടെ അപ്പോൾ ഞങ്ങൾ വിശ്വസിക്കാമെന്ന് പറഞ്ഞു. യേശു, കുരുശിൽ പ്രേതംപോലെ കിടക്കുകയാണുണ്ടായത്! യേശു മനുഷ്യപാപത്തിന് ബലിയായി അർപ്പിക്കപ്പെട്ടു എങ്കിൽ യേശുവിനെ ഏതു ദൈവത്തിന് ആരാണ് ബലിയായി കൊടുത്തത്? സ്വയം ദൈവമാണെന്ന് ഒരുതെളിവുപോലും കാണിക്കാതെ പറഞ്ഞു നടക്കുകയും ചെയ്ത യേശുവിനെ യഹൂദന്മാർ അന്നത്തെ തൂക്കുമരമായ കുരിശിൽ തറക്കുകയല്ലേ ചെയ്തത്? യേശു ബലിവസ്തുവായിരുന്നെങ്കിൽ യഹുദന്മാരെ ഭയന്ന് ഒളിച്ചുനടന്നതെന്തിന്? ദൈവം തന്നെ ബലിയായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് യേശുവിനറിയാമായിരുന്നെങ്കിൽ ഒളിച്ചു നടക്കാതെ സ്വയം കുരിശിലേറാൻ തയ്യാറാവുകയല്ലേ വേണ്ടത്? തന്നെ ചൂണ്ടികാണിച്ച് ദൈവഹിതത്തിന് വേഗത കൂട്ടിയ ജൂദാസിനെ അനുഗ്രഹിക്കുകയായിരുന്നില്ലേ വേണ്ടത്? യേശു ഉയർത്തെഴുന്നേറ്റുഎന്നത് ശുദ്ധമെ അസംബന്ധമാണെന്ന് യഹൂദന്മാർ പറഞ്ഞു! അതുകണ്ടവരാരുമില്ല! യേശുവിനെ ദൈവമെന്നു പറഞ്ഞുനടക്കുന്നതിനു കാരണമായ ഈ 'ഉയിർത്തെഴുന്നേൽപിനെ'ക്കുറിച്ച് പലരും പലരീതിയിൽ പരസ്പരവിരുദ്ധമായിമാത്രം പറയുന്നു. ഉയിർത്തെഴുന്നേൽപ് ആരും കണ്ടിട്ടുമില്ല. യേശു ഉയിർത്തെഴുന്നേറ്റു എന്നു മത്തായി പറഞ്ഞിട്ടില്ല! മാർക്കോസും, ലൂക്കോസും യോഹന്നാനും പരസ്പരം വിരുദ്ധമായി പറയുന്ന ഒരസത്യം ഇന്നും പറഞ്ഞുനടക്കുന്നു! കല്ലറയ്ക്കടുത്തുപോയവരുടെ എണ്ണവും, അവിടെകണ്ടതും എല്ലാം വെറും തോന്നലുകളാണെന്ന് ബൈബിളിലെ വരികൾ ശ്രദ്ധയോടെ വായിച്ച ആർക്കും മനസ്സിലാകില്ലേ. യേശു ബേത്തനെയിൽനിന്നും സ്വർഗത്തിലേക്കു എന്നൊരാൾ, ഒലിവാമലയിൽനിന്ന് സ്വർഗത്തിലേക്കുപോയി എന്നു മറ്റൊരാൾ. യേശു ജറുസലേമിൽ വന്നു ദർശനം നൽകി എന്നു മൂന്നാമതൊരാൾ, ഗെലീലിയോയിൽ കണ്ടു! യേശു കല്ലറയിൽ മൂന്നു രാപകലുണ്ടായിരുന്നു! കല്ലറയിൽ ഒരു പകലും രണ്ടു രാവും ഉണ്ടായിരുന്നു! ഇതിലേതാണു സത്യം എന്നു ബൈബിളിൽ പറയുന്നതേയില്ല. പക്ഷേ എല്ലാവരും എല്ലാ ശിഷ്യന്മാരും ഈ സംഭവത്തിൽ സംശയമുള്ളവരായിരുന്നു. 'കണ്ടവർ'ക്കൊക്കെ സംശയം! ഇന്നത്തെ ക്രിസ്ത്യാനിക്ക് സംശ



Scanned with CamScanner

യവുമില്ല! വിചിത്രം! മോശയും, യേശുവായും, ഏലീശായും, എലിയായും യേശുവിനെപോലെ 'മഹാത്ഭുതങ്ങൾ' എന്നു പറയപ്പെടുന്ന വിക്രിയകൾ കാണിച്ചവരാണ്. അവരെ എന്തുകൊണ്ടു ദൈവമാക്കിയില്ല? പാപികൾക്ക് നിത്യനരകമാണെന്ന് ബൈബിൾ പറയുന്നു. അപ്പോൾ എല്ലാവരുടെയും പാപം സ്വീകരിച്ചവനായ യേശു എക്കാലവും നരകത്തിൽ കിടക്കേണ്ടതല്ലേ? ക്രിസ്തു ലോകാവസനത്തിൽ വിചാരണക്കുവരുമെന്നു പറയുന്നു! അന്നുവരെ മരിച്ചവരുടെ ആത്മാവ് എവിടേക്കാണ് പോകുക? ക്രിസ്തു ബൈബിളനുസരിച്ചാണ് ആത്മാക്കളെ വിചാരണ ചെയ്യുന്നതെങ്കിൽ മുസ്ലീങ്ങളെ യേശു എങ്ങിനെ വിചാരണ ചെയ്യും?

എങ്ങും ക്രിസ്തുമതം 'നിറഞ്ഞിരിക്കുന്നതിനു 'കാരണം എന്തെന്നാൽ ....!

300 എ.ഡി.യിൽ റോമിൽ കോൺടസ്റ്റൈൻ എന്ന രാജാവ് ആളൊന്നിന് 12 പൊന്നും വസ്ത്രവും കൊടുത്ത് 12000 പുരുഷന്മാരെയുംപതിനായിരക്കണക്കിന് സ്ത്രീകളെയും കുട്ടികളെയും ക്രിസ്ത്യാനികളാക്കി ആരംഭിച്ച മതംമാറ്റ രീതിയാണ് ക്രിസ്ത്യാനികളുണ്ടാകാൻ കാരണം. മറ്റുമതക്കാരെ കൊന്നും, സ്വത്തുക്കൾ കൈക്കലാക്കിയുമാണിതു ചെയ്തത്. അർമേനിയ എന്ന ദേശത്ത് ക്രിസ്തുമതം സ്വീകരിക്കാത്ത ഒരു ലക്ഷംപേരെ തിയോസറ എന്ന രാജാവ് കൊന്നു. 10-ാം നൂറ്റാണ്ട് ഫ്രാൻസിൽ പണവും പൊന്നും കൊടുത്ത് ചാറൾസ് ജനങ്ങളെ എല്ലാവരെയും മതംമാറ്റി. 10-ാം നൂറ്റാണ്ടിൽ പോളണ്ടിൽ ക്രിസ്തുമതം സ്വീകരിക്കാത്തവരെ നരകയാതനയനുഭവിപ്പിച്ചാണ് മതം മാറ്റിയത്. 10-ാം നൂറ്റാണ്ടിൽ ഡെൻമാർക്ക് ദേശത്തെ രാജാവ് സ്വന്തം ജനങ്ങളെ ഭീഷണിപ്പെടുത്തി എല്ലാവരേയും മതംമാറ്റി. 10-ാം നൂറ്റാണ്ടിൽ റഷ്യയിലെ രാജാവ് വിവാഹം കഴിച്ച ഗ്രീക്കിലെ ക്രിസ്ത്യൻ സ്ത്രീയുടെ നിർബന്ധപ്രകാരം ജനങ്ങളെ മൊത്തത്തിൽ മതംമാറ്റിയത്, വാൾമുന കാണിച്ചായിരുന്നു. 6-ാം നൂറ്റാണ്ടിൽ ഫ്രാൻസിലുണ്ടായിരുന്ന ജൂദന്മാരെ നിർബന്ധിച്ചാണ് പൂർണമായും മതംമാറ്റിയത്. എല്ലാ ദേശത്തിലുമുള്ള ജനങ്ങളെ നിർബന്ധിച്ചു ക്രിസ്ത്യാനികളാക്കണമെന്നും അനുസരിക്കാത്തവരെ കൊന്നുകളയണമെന്നും, 1229ൽ യുലോസിൽവച്ച് തീരുമാനിച്ചു. ക്രിസ്ത്യൻമാരാകാത്തവരെ നഗ്നരാക്കുക, ദണ്ഡിപ്പിക്കുക, യന്ത്രത്തിൽ അമർത്തുക, നഖം പിഴുതെടുക്കുക, തുടങ്ങി ക്രൂരമായി ദണ്ഡിപ്പിച്ചിരുന്നു. ക്രിസ്ത്യാനിയാകാത്തവനെ അമർത്തികൊല്ലുവാൻ ചിവോലെറ്റ് എന്ന യന്ത്രം



Scanned with CamScanner

രൂപപ്പെടുത്തിയിരുന്നു. ഈ യന്ത്രമുപയോഗിച്ചും ജീവനോടെ തീയിലിട്ടും സ്പാനിയാദേശത്തിൽ ക്രിസ്ത്യാനിയാകാൻ വിസമ്മതിച്ച 31912 പേരെ കൊന്നു. കൂടാതെ അടുത്തവർഷം 291450 പേരെ ക്രൂരമായി ദണ്ഡിപ്പിച്ചും കൊന്നു. 1492ൽ സ്പെയിൻരാജാവ്, ക്രിസ്തുമതം സ്വീകരിക്കാത്തവരെയെല്ലാം ഒറ്റയടിക്ക് നാടുകടത്തി. എല്ലാം ഉപേക്ഷിച്ചുപോകുന്നവർക്ക് ഒരു സഹായവും ചെയ്യരുതെന്ന് പാതിരിമാർ നിർദ്ദേശവും നൽകി. ഭക്ഷണവും ദാഹജലവും ലഭിക്കാതെ ആയിരങ്ങൾ പിടഞ്ഞുമരിച്ചു. ക്രിസ്തുമതം സ്വീകരിക്കാത്ത മുപ്പതുലക്ഷം പേരെ 1502ൽ സ്പെയിനിൽ നരകയാതനയനുഭവിപ്പിച്ച് നാടുകടത്തി. 1539നു ശേഷം ഇംഗ്ലണ്ടിൽ, ക്രിസ്തുമതം സ്വീകരിക്കാത്തവരെ തൂക്കിലിട്ടും തീയിലിട്ടും, യന്ത്രത്തിൽ അരച്ചും കൊന്നു. 277 കത്തോലിക്കരെ പ്രൊട്ടസ്റ്റന്റാകാത്തതിന് ഇംഗ്ലണ്ടിൽ തീയിലിട്ടുകൊന്നു. 1674ൽ മതം മാറാത്ത അയർലണ്ടുകാരെ ദണ്ഡിപ്പിച്ചത് 8000 ആയുധധാരികളെക്കൊണ്ടായിരുന്നു. 18 വർഷത്തിനുള്ളിൽ ഇവിടെ 10220 പേരെ ചുട്ടുകൊന്നു. 97321 പേരെ മരണം വരെ ജയിലിലി ട്ടു. ചലമാൻകയിൽ ക്രിസ്തുമതം സ്വീകരിക്കാത്ത 2000 പേരെ ചുട്ടുകൊന്നു. 17000പേരെ ജയിലിലിട്ടുകൊന്നു. ഇക്കാരണത്താൽതന്നെ ഹംഗറിയിൽ ആയിരങ്ങളെകൊന്നു, ജർമ്മനിയിൽ ഗുരുക്കന്മാരെ തൂക്കിക്കൊന്നു. 1550ൽ ഇംഗ്ലണ്ടിൽ ആൽവ എന്നയാൾ, പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതം സ്വീകരിക്കാത്ത 18,000 പേരെ കൊന്നു. ഒരു വർഷത്തിൽ 8000 പേരെ ദഹിപ്പിച്ചും കൊന്നു. 1172 ആഗസ്റ്റ് 24ന് പാരീസിൽ, ക്രിസ്തുമതം സ്വീകരിക്കാത്ത 1400 പേരെ അസ്ത്രമെയ്ത് രാജാവ് കൊന്നു. എന്നിട്ടും ക്രിസ്തുമതം സ്വീകരിക്കാത്തവരെ കത്തികൊണ്ട് കുത്തിയും, സൂചി തറച്ചും, ചുട്ടുപഴുത്ത ഇരുമ്പിൽ നിർത്തിയും, പല്ല്, ചെവി, മൂക്ക് ഇവ പറിച്ചെടുത്തും ദണ്ഡിപ്പിച്ചുകൊന്നു.

ക്രിസ്തുമതം 'നല്ലതിൽവണ്ണം' പ്രചരിച്ചുവെന്നതിന് കാരണങ്ങളിൽ ചിലതുമാത്രം തെളിവായി വച്ചുവെന്നുമാത്രം. സഹിപ്പാൻ വയ്യാത്ത ഇങ്ങിനെയുള്ള ഹിംസകളെ ചെയ്താൽ ആരാണ് ക്രിസ്തുമതത്തിൽ ചേരാതിരിക്കുക! ഇതരമതങ്ങളുമായി താരതമ്യം ചെയ്ത് ക്രിസ്തുമതം നല്ലതെന്നു കണ്ടുജനങ്ങൾ സ്വീകരിച്ചതല്ല ഇത്. ജീവഹാനിയും മരണവേദനയും ഭയന്ന് രക്ഷപ്പെടാൻ സ്വീകരിച്ചതാണീമതം. അമേരിക്കയിലും ഇംഗ്ലണ്ടിലും, യൂറോപ്യൻ രാജ്യങ്ങളിലും സ്വാതന്ത്ര്യം

കിട്ടിയ ഉടനെ അവർ പള്ളിമതം ഉപേക്ഷിക്കാൻ കാരണമിതാണ്. മനുഷ്യജീവൻകൊണ്ട് താണ്ഡവമാടി മതം മാറ്റിയാണ് ക്രിസ്തുസന്ദേശമെത്തിച്ചത്. ഇന്നത് മറ്റൊരുവിധത്തിൽ ചെയ്യുന്നു! (Gibbon's Decline & Fall, History of Inquisition, Spanish Inquisition എന്നീ പുസ്തകങ്ങളിൽ നിന്ന്)

**ക്രിസ്തുമതച്ഛേദനത്തിന്റെ ബാക്കിപത്രം .....**

ഇംഗ്ലീഷുകാരും, പോർത്തുഗീസുകാരും, ഡച്ചുകാരും തുടങ്ങി വച്ച മതപരിവർത്തന പ്രവർത്തനം നീചമായ നിന്ദ്യമായ ക്രൂരമായ മാർഗത്തിലൂടെ ഭാരതീയ ക്രിസ്ത്യാനികൾ ഇന്ന് പൂർവാധികം ശക്തിയോടെ നടപ്പിലാക്കുന്നു. പൂർവ്വോത്തരഭാരതം ക്രൈസ്തവരുടെ കയ്യിലമർന്നു കേരളം, തമിഴ്നാട്, ഒറീസ, ഗോവ എന്നിവടങ്ങളിൽ ശക്തമായ മതപരിവർത്തനം എല്ലാ കുത്സിതമാർഗത്തിലൂടെയും നടക്കുന്നു. കമ്മീഷൻ വ്യവസ്ഥയിൽപോലും! വിദ്യാലയങ്ങളിൽ, ആശുപത്രികളിൽ, ഓഫീസുകളിൽ, ധ്യാനകേന്ദ്രങ്ങളിൽ, വീടുകളിൽ എല്ലായിടത്തും ഹിന്ദുവിനെ ക്രിസ്ത്യാനിയാക്കി, ഭാരതീയ സംസ്കൃതി നശിപ്പിക്കാനുള്ള വെമ്പലിലാണ് ഭാരതത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളും. 62000 കോടി രൂപ 40 ലക്ഷം മതം മാറ്റ തൊഴിലാളികൾ, 2.5 ലക്ഷം മിഷണറിമാർ, ഭാരതത്തിലെ ഹിന്ദുവിനെ കടപുഴക്കി ക്രിസ്ത്യാനിയാക്കാനുള്ള കർമ്മപദ്ധതിയാണ്.

'ഭാരതത്തിൽ ഹൈന്ദവധർമ്മം നശിച്ചാൽ, ഈ നാട് ലോകത്തിന്റെ ശ്മശാന ഭൂമിയാകും' : സ്വാമി വിവേകാനന്ദൻ

**ചരിത്രഗവേഷകന്റെ പഠനഫലം**

## മിഥ്യാ പുരുഷനായ സെന്റ് തോമസ്

**പ്രൊഫ: ഐസക്ക്, ചരിത്രവിഭാഗം, കോട്ടയം**

ദീർഘമായി പാരമ്പര്യമവകാശപ്പെടുക എന്നത് ഏതു സമൂഹത്തിന്റെയും പൊതുസ്വഭാവമാണ്. സമൂഹരൂപവത്ക്കരണപ്രക്രിയയിൽ (Social formation) മിത്തുകൾ (myths) രൂപപ്പെട്ടുവരുന്നത് സ്വാഭാവികം തന്നെ. മിത്തുകൾക്ക് പലപ്പോഴും യാതൊരുവിധ ചരിത്രപശ്ചാത്തലവുമുണ്ടായിരിക്കില്ല. അത്തരത്തിൽ ശ്രദ്ധേയമായ പാരമ്പര്യവാദമാണ് കേരളത്തിൽ ക്രൈസ്തവർ (സുറിയാനി ക്രൈസ്തവർ) അവകാശപ്പെടുന്ന അപ്പോസ്തോലിക പാരമ്പര്യം അഥവാ സെന്റ് തോമസ് പാരമ്പര്യം. കേരളത്തിൽ ക്രിസ്തുമതം ജന്മം



Scanned with CamScanner

കൊള്ളുന്നത് ക്രിസ്തു ശിഷ്യനായ തോമസിൽക്കൂടിയാണ് എന്നു പറയുന്നത് കേവലം മിഥ്യയാണെന്ന് ചരിത്രപരമായി അല്പം വിശകലനം നടത്തിയാൽ മനസ്സിലാക്കാം. കേരളത്തിൽ യൂറോപ്യൻ രാജ്യങ്ങൾക്കുമുമ്പേ തന്നെ ക്രിസ്തുമതം എത്തി എന്നത് സത്യമാണ്. ആ സത്യത്തിന്റെ മറവിൽ നെയ്തെടുത്ത കഥയത്രെ മുകളിൽ സൂചിപ്പിച്ച സെന്റ് തോമസ് പാരമ്പര്യവാദം.

തികച്ചും ഹൈന്ദവസംസ്ക്കാരവും, പാരമ്പര്യങ്ങളും വച്ചു പുലർത്തിയിരുന്ന ഒരു ചെറിയ സമൂഹമായിരുന്നു ഇവിടത്തെ ആദിമക്രൈസ്തവർ. ഈ നില ഏതാണ്ട് പോർച്ചുഗീസുകാരുടെ വരവോളം തുടർന്നിരുന്നു എന്നത് ചരിത്ര സത്യം മാത്രമാണ്. (ജാതിവ്യവസ്ഥിതിയും കേരളചരിത്രവും പി. കെ. ബാലകൃഷ്ണൻ. പുറം 345, ആദിമകേരള ക്രൈസ്തവർ. എൻ. കെ. ജോസ് പുറം 95) വിശ്വാസത്തിലും പ്രാർത്ഥനയിലും മാത്രം വ്യത്യാസമുണ്ടായിരുന്ന ഹൈന്ദവ സമൂഹമായിരുന്നു ചുരുക്കത്തിൽ ഇവിടത്തെ ക്രൈസ്തവ സമൂഹം, ഇന്നത്തെ കേരള ക്രൈസ്തവ സമൂഹം പരക്കെ വിശ്വസിച്ചുവരുന്ന സെന്റ് തോമസ് പാരമ്പര്യം പിൽക്കാലസാമ്രാജ്യതാൽപര്യവും, വൈദേശികമേൽക്കോയ്മാ താൽപര്യവും അടിച്ചേൽപ്പിച്ച കെട്ടുകഥയുടെ ആവർത്തനം മാത്രമാണ്. കേരളത്തിലെ ക്രൈസ്തവരുടെ ഭാരതീയ കാഴ്ച്ചപ്പാടുകളും, സവിശേഷതകളും ഇല്ലായ്മ ചെയ്ത് റോമിന്റെയോ അന്ത്യോക്യയുടെയോ ആധിപത്യം ഉറപ്പിക്കുക എന്ന തന്ത്രത്തിന്റെ പുനരുക്തി (tautology) മാത്രമാണ് സെന്റ് തോമസ് പാരമ്പര്യകഥയ്ക്ക് പിന്നിലുള്ളത്.

ക്രിസ്തുശിഷ്യനായ തോമസ് എ.ഡി. 52ൽ കൊടുങ്ങല്ലൂരെത്തി. ഇവിടത്തെ നമ്പൂതിരിമാരെ (ക്രിസ്തു) മാർഗ്ഗം ചേർത്ത് അവർക്കുവേണ്ടി കേരളത്തിൽ പലയിടങ്ങളിലായി എട്ടു പള്ളികൾ സ്ഥാപിച്ചു എന്നും അതിനുശേഷം കിഴക്കോട്ട് സഞ്ചരിച്ച് ഏതാണ്ട് മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിത്വം വരിച്ചു എന്നുമാണ് കഥ. ഇത് ആരുടെയോ ഭാവനാവിലാസത്തിൽ മുളച്ച കഥയാവാം. പക്ഷേ ഈ കഥയുടെ ചരിത്രപശ്ചാത്തലം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അത്തരത്തിലൊരു പരിശോധനയ്ക്ക് തോമസി ന്റെ പ്രായം, ഭൂമിശാസ്ത്രം, നമ്പൂതിരിസമൂഹത്തിന്റെ രൂപവത്ക്കരണം, പള്ളിസങ്കല്പം, യുക്തി തുടങ്ങിയ ചരിത്രപഠനായുധങ്ങൾ (tools of historical analyses) ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഈ ലേഖനത്തിൽ അത്തരമൊരു ചെറിയ ഉദ്യമം മാത്രമാണ് ഉദ്ദേശിക്കുന്നത്.



Scanned with CamScanner

എ.ഡി. 28-ൽ ആണ് ക്രിസ്തു ക്രൂശിക്കപ്പെടുന്നത്. ക്രിസ്ത്വബ്ദം 52-ൽ ആണ് തോമസ് കേരളത്തിൽ എത്തിയത് എന്നാണ് ഐതിഹ്യം. അതായത് ക്രിസ്തു ജനിച്ച് 56 വർഷങ്ങൾക്കുശേഷമാണ് തോമസ് കേരളത്തിലെത്തിയത്. ക്രിസ്തു മുപ്പതു വയസ്സിനുശേഷമാണ് മതപ്രചരണം ആരംഭിച്ചത്. ഇത് തീർച്ചയായും അന്നാട്ടിലെ ആളുകളുടെ ഗുരുവിനോടോ പ്രവാചകനോടോ ഉള്ള മനോഭാവം വെളിവാക്കുന്നു. ഗുരു അഥവാ പ്രവാചകൻ തീർച്ചയായും പക്വത ആർജ്ജിച്ചിരിക്കണം. അതുകൊണ്ടാവാം ക്രിസ്തുപോലും മതപ്രചരണം ആരംഭിക്കുന്നതിന് മുപ്പതുവർഷങ്ങൾ കാത്തിരുന്നത്. അങ്ങനെയാണെങ്കിൽ ശിഷ്യന്മാരായിത്തീർന്നവർക്ക് അക്കാലത്ത് മുപ്പതുവയസ്സിൽ അധികമാവാനാണ് സാധ്യത. അതുകൊണ്ട് തോമസ് ക്രിസ്തുശിഷ്യനാകുമ്പോൾ ഏതാണ്ട് 40-50 വയസ്സിനിടയിലാവാനാണ് സാധ്യത. ബൈബിൾ ഏതാണ്ട് ക്രിസ്ത്വബ്ദം 50 നും 70 നും ഇടയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ബൈബിൾ രചന തുടങ്ങുന്ന കാലത്ത് ശിഷ്യന്മാരെല്ലാം തന്നെ മരിച്ചുകഴിഞ്ഞിരുന്നതായി ചരിത്രം സൂചന നൽകുന്നുണ്ട്. ക്രിസ്തുവോ ശിഷ്യന്മാരോ അല്ല ബൈബിൾ എഴുതിയത്. ക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും ദർശനങ്ങൾ പിൽക്കാലത്ത് (എ.ഡി. 50-70) മൂപ്പന്മാർ എന്നു വിളിക്കപ്പെടുന്ന അപ്പോസ്തോലസംഘം ആണ് എഴുതിയതെന്ന് വേദശാസ്ത്രപണ്ഡിതന്മാർ വിശ്വസിക്കുന്നു. (ബൈബിൾ സമവാക്യങ്ങൾ, ഓശാന, പാല) ചുരുക്കത്തിൽ ക്രിസ്ത്വബ്ദം 50-നുമുമ്പ് എല്ലാ ശിഷ്യന്മാരും മരിക്കുകയോ, രക്തസാക്ഷിത്വം വരിക്കുകയോ ചെയ്തിരിക്കാം. ചരിത്രം തരുന്ന സൂചന ഇതാണ്. അഥവാ ക്രിസ്ത്വബ്ദം 52-ൽ കേരളത്തിലെത്തിയെങ്കിൽ അപ്പോൾ തോമസിന് എഴുപതു വയസ്സെങ്കിലുമുണ്ടാവാനാണ് സാധ്യത. ഇത്ര വൃദ്ധനായ ഒരു വ്യക്തിയ്ക്ക് പ്രതിബന്ധങ്ങളെ തരണം ചെയ്ത് അക്കാലത്ത് കേരളത്തിൽ എത്താനാകുമോ? അഥവാ എത്തിയാൽത്തന്നെ കേരളത്തിൽ അന്നു നിലനിന്നിരുന്ന വിവിധങ്ങളായ ഗ്രാമഭാഷകളിലൂടെ (dialects) മതപ്രചരണം നടത്താൻ കഴിയുമോ? ഈ സംശയങ്ങൾക്ക് യുക്തിസഹമായ മറുപടി കണ്ടെത്തുകയേ വഴിയുള്ളു.

കേരളത്തിൽ തോമസ് എത്തി എന്നതിന് യാതൊരു ചരിത്രരേഖകളും ഇല്ല. കേരളത്തിലെത്തിയ തോമസിന്റേതെന്ന് അവകാശപ്പെടാവുന്ന ലേഖനങ്ങളോ സുവിശേഷങ്ങളോ ഉള്ളതായി ഒരു തെളിവുമില്ല. ബൈബിളിലെ പുതിയ നിയമത്തിന്റെ പകുതിഭാഗങ്ങളും പുതുതായി മതപരിവർത്തനം നടത്തിയ വിവിധ



Scanned with CamScanner

ദേശങ്ങളിലെ ആളുകൾക്കുള്ള നിർദ്ദേശങ്ങളെത്രെ. അത്തരത്തിൽ ഒരു ലേഖനം കേരള ക്രിസ്ത്യാനികളെ സംബന്ധിച്ച് അവകാശപ്പെടാനാവില്ല. അതുകൊണ്ട് കേരളത്തിൽ ക്രിസ്തുമതം എത്തിയത് ആരുടെയും ബോധപൂർവ്വമായ ശ്രമത്തിലൂടെ അല്ല എന്നു മനസ്സിലാക്കാം. കേരള ക്രൈസ്തവരെ സംബന്ധിച്ച് ഏറ്റവും പഴക്കം ചെന്ന ചരിത്രരേഖ തരിസ്സാപ്പള്ളി ചെപ്പേടാണ്. (A survery of Kerala History, A. Sreedharamenon 1970, പുറം 100) ഇതിന്റെ കാലപ്പഴക്കം ഏതാണ്ട് ഒൻപതാം നൂറ്റാണ്ട് (എ.ഡി. 849) ആണ് എന്നതും ചരിത്രന്വേഷകന്റെ ദൃഷ്ടിയിൽ മുകളിൽ സൂചിപ്പിച്ച വാദഗതിയെ സാധൂകരിക്കുന്നു.

കേരളത്തിൽ വന്ന തോമസ് നമ്പൂതിരിമാരേ മാർഗ്ഗം ചേർത്തു എന്നതു പരക്കെ വിശ്വസിക്കുന്നു. ഇതിനും യാതൊരു ചരിത്രപശ്ചാത്തലവും ഇല്ല. കേരളത്തിന്റെ സമൂഹരൂപവൽക്കരണം (Social formation) ചരിത്രം പരിശോധിച്ചാൽ ഏതാണ്ട് ക്രിസ്ത്വബ്ദം നാലാം നൂറ്റാണ്ടുവരെ നമ്പൂതിരി എന്ന സമൂഹം രൂപപ്പെട്ടിരുന്നില്ല എന്നു മനസ്സിലാക്കാം. (പി.കെ. ഗോപാലകൃഷ്ണൻ, കേരള സാംസ്കാരിക ചരിത്രം പുറം 206 മുതൽ 211 വരെ). ലോഗൻ, ഇളംകുളം എന്നിവരുടെ അഭിപ്രായത്തിൽ നമ്പൂതിരി സമൂഹം രൂപപ്പെടുന്നത് യഥാക്രമം ഏഴും, എട്ടും നൂറ്റാണ്ടുകളിലാണ്. ആ സ്ഥിതിക്ക് പിന്നെ എങ്ങനെ ഇല്ലാത്ത നമ്പൂതിരിയെക്കൊണ്ട് വരാത്ത തോമസിന് ക്രിസ്തുമാർഗ്ഗം സ്വീകരിപ്പിക്കാൻ കഴിയും ? ഈ മതപരിവർത്തനവാദം യുക്തിക്കു നിരക്കുന്നതാണോ? ഇതൊരു പുനരുക്തി വാദം (Circular arguement) മാത്രമാണ്. തോമസ് എന്ന ക്രിസ്തുശിഷ്യൻ ഭാരതത്തിന്റെ വടക്കുപടിഞ്ഞാറുള്ള കാൻഡഹാറിലാണ് എത്തിയത് എന്ന് ക്രൈസ്തവവേദശാസ്ത്രകാരന്മാർ പരക്കെ അംഗീകരിച്ചു തുടങ്ങിയ സത്യമാണ്. കാൻഡഹാറിലെത്തുക എന്നത് യുക്തിക്കു നിരക്കുന്നതത്രെ. നേരമറിച്ച് ഇരുപത് നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളം പോലെ ഒരു സ്ഥലത്ത് ഒരു വിദേശി എത്തുകയും അവിടെയുള്ള ഉന്നതകുല ജാതരായ ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുകയും ചെയ്യുക എന്നത് പൊള്ളയായ പാരമ്പര്യവാദം തന്നെ എന്നതിന് സംശയമില്ല. (എൻ. കെ. ജോസ്, ആദിമകേരള ക്രൈസ്തവർ, 100, 104)

തുടർന്ന് കിഴക്കോട്ട് സഞ്ചരിച്ച തോമസ് മൈലാപ്പൂർവരെ എത്തി എന്നാണ് വിശ്വാസം. ആ വിശ്വാസം ശരിയാണെങ്കിൽ എന്തുകൊണ്ട് സഹ്യപർവ്വതത്തിന്റെ കിഴക്ക് ക്രൈസ്തവരോ, അവരുടെ ആരാധനാസ്ഥലങ്ങളോ കോളോണിയൻ കാലഘട്ടത്തിനുമുമ്പ് ഉണ്ടായില്ല എന്ന ചോദ്യം അവശേഷിക്കുന്നു. കേരളത്തിൽ



Scanned with CamScanner

മതപരിവർത്തനം നടത്തി എട്ടുപള്ളികളും സ്ഥാപിച്ചതിനുശേഷം നിബിഡവനങ്ങളിലൂടെ സഞ്ചരിച്ച് മൈലാപ്പൂരിലെത്തണമെങ്കിൽ എത്രകാലം വേണ്ടി വരും? ഇത്രയും വൃദ്ധനായ തോമസിന് അത് സാധിക്കുമോ? ക്രിസ്ത്വാബ്ദം 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വഹിച്ച തോമസിന്റെ എതെങ്കിലും അസ്ഥിയോ അതിന്റെ ഭാഗങ്ങളോ 1700-ലധികം വർഷം കേടുകൂടാതെ ഈ മണ്ണിൽ കിടക്കുമോ? (അത്തരത്തിലുള്ള ഒരു അസ്ഥിക്കഷണം മൈലാപ്പൂരിലുള്ള സെന്റ് തോമസ് മൗണ്ട് ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നത് ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്രിസ്തുമതചരിത്രം പരിശോധിച്ചാൽ പള്ളി (Church) രൂപപ്പെടുന്നത്. നാലാം നൂറ്റാണ്ടോടുകൂടി മാത്രമാണ് എന്നു മനസ്സിലാക്കാം. അതുവരെ ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ കൂട്ടായ്മകൾ (Fellowship) മാത്രമാണുണ്ടായിരുന്നത്. ആരാധനാലയത്തെക്കുറിച്ച് സങ്കൽപ്പിക്കുവാൻപോലും കഴിയാതിരുന്ന കാലത്ത് കേരളത്തിലെത്തിയ വിദേശിയായ മതപ്രചാരകന് എങ്ങനെ എട്ടുപള്ളികൾ സ്ഥാപിക്കാൻ കഴിയും? മാത്രമല്ല ആ എട്ടുപള്ളികളിൽ മനുഷ്യവാസമില്ലാതിരുന്ന നിബിഡവനപ്രദേശങ്ങളായ നിലക്കലും മലയാറ്റൂരും ഉൾപ്പെടും എന്നു പറയുമ്പോഴേ ഈ കഥയുടെ പൊള്ളത്തരം മനസ്സിലാക്കാൻ കഴിയൂ. ചുരുക്കത്തിൽ ഈ പള്ളിസ്ഥാപനകഥ വെറും പാരമ്പര്യവാദത്തിലധിഷ്ഠിതമായ ഐതിഹ്യത്തിന്റെ സ്ഥാപനവൽക്കരണം (Institutionalization of a myth) മാത്രമാണെന്നതിൽ ലേശവും സംശയത്തിനവകാശമില്ല.

ക്രിസ്ത്വബ്ദം 325-ൽ ഏഷ്യമൈനറിലെ നിഖ്യ എന്ന സ്ഥലത്ത് വിവിധ ക്രൈസ്തവസമൂഹങ്ങളുടെ പ്രതിനിധികൾ ഒത്തുചേരുന്നതുവരെ ചിട്ടപ്പെടുത്തിയ ആരാധനാക്രമം പോലും ക്രൈസ്തവർക്ക് അവകാശപ്പെടാനുണ്ടായിരുന്നില്ല. ക്രിസ്തീയ വ്യവസ്ഥിതിക്കും അനുഷ്ഠാനങ്ങൾക്കും എതിരായിരുന്നതുകൊണ്ട് ആദിമക്രൈസ്തവർ ആരാധനാക്രമം ഉണ്ടാക്കുന്നതിൽ താത്പര്യം കാട്ടിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. പിന്നെ എങ്ങനെ തോമസിന് പള്ളികൾ സ്ഥാപിക്കാനും തദ്ദേശീയരായ മാർഗ്ഗവാസികൾക്ക് ആരാധനാക്രമം നൽകുവാനും കഴിയും?

ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാരും യൂറോപ്പിലും മദ്ധ്യേഷ്യയിലും റോമാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും വസിച്ചിരുന്ന യൂദന്മാരെ ക്രിസ്തുമാർഗത്തിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയാണ് യത്നിച്ചത് എന്ന് ക്രൈസ്ത വ വേദശാ



Scanned with CamScanner

സ്ത്രപണ്ഡിതന്മാർ പോലും സമ്മതിക്കുന്ന സത്യമാണ്. (മത്തായിയുടെ സുവിശേഷം, അദ്ധ്യായം 10, വാക്യം 5) ക്രിസ്തുമതം ജനപ്രസ്ഥാനമായി തീരുന്നത് പോളിന്റെ വരവോടുകൂടിയാണ്. അതുകൊണ്ടു തന്നെ അവിശ്വാസികളുടെ അപ്പസ്തോലൻ (Aspostile of the Ge) എന്നാണ് വിളിച്ചിരുന്നത്. ഇതായിരുന്നു ആദിമ ക്രൈസ്തവമതത്തിന്റെ മതപ്രചരണതന്ത്രമെങ്കിൽ പിന്നെ ക്രിസ്തുശിഷ്യനും, യഹൂദനുമായ തോമസ്, യഹൂദന്മാരല്ലാത്ത കേരളീയരെ ക്രിസ്തുമത്തിൽ ചേർക്കുവാൻ കൊടുങ്ങലൂരിലെത്തി എന്നത് ഭാവനാസൃഷ്ടിയല്ലാതെ മറ്റെന്താണ്? ക്രിസ്ത്വബ്ദം 70-ാം ആണ്ടിൽ റോമാക്രൈസ്തവർ ടൈറ്റസ് ജെറുസലേം പട്ടണം നശിപ്പിച്ച് റോമാസാമ്രാജ്യത്തിൽ നിന്ന് യഹൂദന്മാരെ ആട്ടിപ്പായിച്ചു. അതിനുശേഷമാണ് യഹൂദന്മാർ കേരളമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കുടിയേറ്റം നടത്തിയത്. അതുകൊണ്ട് ക്രിസ്ത്വബ്ദം 52-ാം ആണ്ടിൽ തോമസ് കേരളത്തിലെത്തി ഇവിടത്തെ യഹൂദന്മാരെ ക്രിസ്തുമതത്തിൽ ചേർക്കുവാൻ ശ്രമിച്ചതായി അനുമാനിക്കുവാൻ സാധ്യമല്ല.

ആദിമക്രൈസ്തവർ കുരിശ് അടയാളമായി സ്വീകരിച്ചിരുന്നില്ല എന്നത് പരക്കെ അംഗീകരിക്കുന്ന സത്യമാണ്. പിന്നെ എങ്ങനെയാണ് മാർത്തോമ്മാക്കുരിശു എന്നു വിളിക്കുന്ന സ്ലീഹാക്കുരിശ് കേരള ക്രൈസ്തവരുടെ പാരമ്പര്യത്തിന്റെ മുഖമുദ്രയാകുന്നത്? ചുരുക്കത്തിൽ കേരളത്തിലേയ്ക്ക് കടന്നുവരുന്ന പരദേശികളായ സ്വാർത്ഥവാഹകസംഘങ്ങളുടെ വ്യാപാര-രാഷ്ട്രീയ താല്പര്യങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പറഞ്ഞു പ്രചരിപ്പിച്ച കെട്ടുകഥകളുടെ ബിംബീകരണത്തിന്റെ ഫലമാണ് ഇന്നു കേരളക്രൈസ്തവർ പരക്കെ പറഞ്ഞുവരുന്ന സെന്റ് തോമസ് പാരമ്പര്യം.

പിന്നെ എങ്ങനെ ക്രിസ്തുമതം കേരളത്തിലെത്തി എന്ന ചോദ്യം അവശേഷിക്കുന്നു. സാർത്ഥവാഹകസംഘങ്ങളായിരിക്കാം ക്രിസ്തുമതത്തെ മലയാളക്കരയിലെത്തിച്ചത്. ക്രിസ്തുവിന്റെ ജനനത്തിനുമുമ്പു തന്നെ മൺസൂൺ വാതങ്ങളെ ആശ്രയിച്ചും വ്യാപാരിസംഘങ്ങൾ കടൽമാർഗ്ഗം കേരളത്തിലെത്തിയിരുന്നു. ബുദ്ധമതമുൾപ്പെടെയുള്ള മിഷണറി മതങ്ങൾ വ്യാപാരി സംഘങ്ങളോട് ബന്ധപ്പെട്ടാണ് മതപ്രചരണം നടത്തിയിരുന്നത് എന്ന സത്യം കൂടി ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്.

കറുത്ത യഹൂദന്മാരുടെ ജനനം പോലെ ആയിരിക്കാം ഒരു പക്ഷേ ക്രിസ്തുമതവും കേരളമണ്ണിൽ ജനിച്ചുവീണത്. യഹൂദന്മാരായ കച്ചവടക്കാർ വ്യാപാ



Scanned with CamScanner

രാർത്ഥം ലോകത്തിന്റെ ഇതരഭാഗങ്ങളിലെത്തി തദ്ദേശീയരായ സ്ത്രീകളേ വിവാഹം കഴിച്ചിരുന്നു. (ഇത് ഏതാണ്ട് അറബിക്കല്ല്യാണത്തിന്റെ രീതിയിലായിരുന്നു.) അവരിൽ ജനിച്ചിരുന്ന കുട്ടികളെ യഹൂദപാരമ്പര്യത്തിലും, ചിട്ടയിലും വളർത്തി, അങ്ങനെ കറുത്ത യഹൂദവർഗ്ഗം രൂപപ്പെട്ടു. ആചാരങ്ങളും, അനുഷ്ഠാനങ്ങളും, വിശ്വാസങ്ങളും തനി യഹൂദപാരമ്പര്യത്തിലധിഷ്ഠിതമാണ് എങ്കിലും നരവംശശ്സ്ത്രപരമായി (anthropologically ) ഈ കറുത്ത യഹൂദ സമൂഹങ്ങൾ വേറെ തന്നെ. ഇവർക്ക് വെളുത്ത യഹൂദസമൂഹങ്ങളോട് രൂപശാസ്ത്രപരമായ (morphological ) സാദൃശ്യമില്ല. ഈ രീതിയിലാവാം ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തുമതം കേരളത്തിലെത്തിയത്.

ആദിമനൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ ക്രൈസ്തവവ്യാപാരികൾക്ക് കേരളസ്ത്രീകളിൽ ജനിച്ചവരാകാം ഇവിടത്തെ ആദിമക്രൈസ്തവർ. കേരളത്തിലെ അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതി അതിനെ സാധൂകരിക്കുന്നു. (Dr. Francis Day-Land of the Perumals, പുറം 323)ആദിമക്രൈസ്തവ സമൂഹങ്ങൾ വ്യാപാരത്തിലും കൃഷിയിലും തല്പരരായിത്തീർന്നത് ഒരുപക്ഷേ ഈ കച്ചവടപാരമ്പര്യം കൊണ്ടായിരിക്കാം. ക്രിസ്ത്യാനികൾ അടുത്തകാലം വരെ വൈദേശീയ ഭാഷകൾ അവരുടെ ആരാധനാഭാഷയായി സ്വീകരിച്ചിരുന്നതും ഈ വൈദേശികബന്ധത്തെ സാധൂകരിക്കുന്നു. ക്രിസ്ത്യൻ സാമൂഹ്യബന്ധങ്ങൾ തദ്ദേശീയ സമൂഹങ്ങളിൽ നിന്ന് വിഭിന്നമായി തുടരുന്നതിന്റെ പശ്ചാത്തലവും ഇതാകാം. ചുരുക്കത്തിൽ കേരളത്തിലെ ക്രൈസ്തവർക്ക് സെന്റ് തോമസ് പാരമ്പര്യം അവകാശപ്പെടാൻ സാദ്ധ്യമല്ല. ഒരുപക്ഷേ മറിച്ച് ലോകത്തിലെ ഇതര ക്രൈസ്തവ സമൂഹങ്ങളേക്കാൾ കൂടുതൽ കാലപ്പഴക്കം അവകാശപ്പെടാം.

സാർത്ഥവാഹക മതമെന്ന നിലയിൽ ക്രിസ്തുമതം തുറമുഖപ്പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടിയിരുന്നില്ലേ എന്ന ചോദ്യം ഉയർന്നേക്കാം. ക്രിസ്തുമതം കേരളം മുഴുവൻ എങ്ങനെ വ്യാപിച്ചു എന്ന വേറൊരു ചോദ്യവും ഉയർന്നേക്കാം. അതിനു മറുപടികിട്ടണമെങ്കിൽ ഇവിടത്തെ സാമൂഹരൂപവത്ക്കരണത്തിന്റെ ചരിത്രം കൂടി പഠിക്കേണ്ടിയിരിക്കുന്നു. ബൗദ്ധ സമൂഹത്തിന്റെ പതനം ഒരു പരിധിവരെ ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയെ സഹായിച്ചു. കേരളത്തിലെ ക്രൈസ്തവരെ മാർഗ്ഗപ്പിള്ളമാർ എന്നാണ് വിളിച്ചിരുന്നത്. ഇത് പിന്നീട് മഹാപിള്ള, മാപ്പിള എന്നായി മാറി. (തിരുവിതാംകൂറിൽ ക്രൈസ്തവരെ മാപ്പിളമാർ എന്നു വിളിക്കുന്നു.) - (എൻ. കെ. ജോസ്, ആദിമ കേരള ക്രൈസ്തവർ,



Scanned with CamScanner

പുറം 101, 102) ഇത് ബുദ്ധമാർഗത്തിൽ നിന്ന് ക്രിസ്തുമാർഗത്തിലേക്കുള്ള മാറ്റത്തെ സാധൂകരിക്കുന്നു. അഷ്ടാംഗമാർഗമാണല്ലോ ബുദ്ധമതത്തിന്റെ ആധാരശില. മോക്ഷത്തിനുള്ള മാർഗ്ഗം (Path) എന്ന നിലയിലാണ് മാർഗ്ഗം. ചേരൽ എന്ന പദം മതപരിവർത്തനത്തിന് നൽകി വന്നത്. അതുകൊണ്ട് കേരളത്തിലെ ക്രിസ്തുമതവ്യാപനത്തിൽ ബുദ്ധമത്തിനുള്ള പങ്ക് വ്യക്തമാകും.

സെന്റ് തോമസിന്റേത് എന്നു പറയുന്ന ചിത്രം സൂക്ഷ്മമായി പരിശോധിച്ചാൽ അത് ഏതോ ബോധിസത്വത്തിന്റെ ചിത്രത്തിന് രൂപഭേദം വരുത്തിയതാണ് എന്ന് മനസ്സിലാക്കാം. പിൽക്കാലത്ത് ബുദ്ധമതത്തിൽനിന്ന് ക്രിസ്തുമത്തിലേയ്ക്ക് മാർഗം ചേർന്ന് തദ്ദേശീയർ ആരാധിച്ചിരുന്ന ഏതോ ബോധിസത്വവിഗ്രഹത്തെ വികലപ്പെടുത്തി കേരള ക്രിസ്തുമതധാരയിൽ ചേർത്തതാവാം ഇന്ന് കേരള ക്രൈസ്തവർ കാണുന്ന സെന്റ് തോമസിന്റേതെന്നും പറയുന്ന വിഗ്രഹം (ക്രൈസ്തവഭാഷയിൽ രൂപം). ഈ വാദം സാധൂകരിക്കുന്നതിന് പഴയ റോമാ ചരിത്രം കൂടി പരിഗണിക്കേണ്ടതുണ്ട്. റോമിലെ ക്രൈസ്തവർ അവരുടെ പഴയദേവന്മാരുടെ വിഗ്രഹങ്ങൾക്ക് ക്രിസ്തുമതത്തിലെ വിശുദ്ധന്മാരുടെ പേരുകൾ നൽകി പുനഃപ്രതിഷ്ഠിച്ച കഥ ചരിത്രസത്യമാണല്ലോ. (ഇന്ന് ക്രൈസ്തവർ ആരാധിക്കുന്ന സൂക്ഷിക്കുന്ന ക്രിസ്തുവിന്റേതുൾപ്പെടെയുള്ള എല്ലാരൂപങ്ങളും പഴയ റോമാക്കാരുടെ ദൈവങ്ങളുടേതാണ്). അതുപോലെ സെന്റ് തോമസിന്റെ കാര്യത്തിലും സംഭവിച്ചതാകാനുള്ള സാധ്യത തള്ളിക്കളഞ്ഞുകൂടാ. ക്രൈസ്തവരുടെ ഇടയിൽ ഉപയോഗിക്കുന്ന മാർഗം, പള്ളി തുടങ്ങിയ പദങ്ങൾ ബൗദ്ധസമൂഹങ്ങളുടെ സംഭാവനയാണ്. അടുത്തകാലം വരെ ക്രൈസ്തവസ്ത്രീകൾ ഉപയോഗിച്ചുപോന്ന വസ്ത്രധാരണരീതി പോലും ബുദ്ധമത പാരമ്പര്യത്തിന്റെ ഉത്തമോദാഹരണമത്രെ.

പി.കെ. ബാലകൃഷ്ണന്റെ ഭാഷയിൽ പറഞ്ഞാൽ, സ ജാതിക്ക് പൂർവ്വകാല മാഹാത്മ്യം കണ്ടെത്താവുന്ന ചരിത്രകഥാരചനയിൽ നാം മത്സരിച്ച് വൈഭവം പ്രകടിപ്പിക്കുന്നു. കേരളത്തിലെ ക്രൈസ്തവരും ഇതിൽ നിന്ന് ഭിന്നമല്ല. ചുരുക്കത്തിൽ ക്രിസ്തുമതം മലയാളക്കരയിലെത്തിയത് ആരുടെയും ബോധപൂർവ്വമായ ശ്രമത്തിൽ നിന്നല്ല, മറിച്ച് ചരിത്രപരമായ കാരണങ്ങളാലാണ്. പിൽക്കാല വൈദേശീയ താത്പര്യങ്ങൾ തദ്ദേശീയ ക്രൈസ്തവസമൂഹത്തിലൂടെ സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി മെനഞ്ഞെടുത്ത കഥയാണ് സെന്റ്തോമസ് പാരമ്പര്യം.



Scanned with CamScanner

***അസത്യത്തിന്റേയും അധർമ്മത്തിന്റേയും മറ്റൊരു ഉദാഹരണം കൂടി!***

മദറിന്റെ രോഗശാന്തി സംഭവം ശരിയല്ലെന്ന് ബംഗാൾ മന്ത്രി (പത്രവാർത്ത)

കൊൽക്കത്ത : മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന് വത്തിക്കാൻ തെളിവായി അംഗീകരിച്ച അത്ഭുത രോഗശാന്തി സംഭവം ശരിയല്ലെന്ന വാദവുമായി പശ്ചിമബംഗാൾ ആരോഗ്യമന്ത്രി രംഗത്തെത്തി. പശ്ചിമബംഗാളിലെ തെക്കൻ ജിനാപ്പൂർ ജില്ലയിലെ മോണിക്ക ബെർസ എന്ന യുവതിയുടെ അണ്ഡാശയത്തിൽ വളർന്ന് ട്യൂമർ, മദർ തെരേസയുടെ പ്രത്യേക പ്രാർത്ഥനയാലും അനുഗ്രഹത്താലും ഭേദപ്പെട്ടുവെന്ന പള്ളി അധികാരികളുടെ റിപ്പോർട്ട് വത്തിക്കാൻ കഴിഞ്ഞ ആഴ്ച അംഗീകരിച്ചിരുന്നു. എന്നാൽ ഈ സംഭവം ശരിയല്ലെന്നും മോണിക്കയുടെ രോഗം മാറിയത് മരുന്നു കഴിച്ചതുകൊണ്ടാണെന്നും ബംഗാൾ ആരോഗ്യമന്ത്രി സൂര്യകാന്ത മിശ്ര പറയുന്നു. ഇതിൽ ഒരു അത്ഭുതവും നടന്നിട്ടില്ലെന്നും ആസ്പത്രി രേഖകളെ അടിസ്ഥാനമാക്കിക്കൊണ്ട് മന്ത്രി വാദിക്കുന്നു. 1998 ലാണ് മോണിക്കയുടെ അണ്ഡാശയത്തിലെ ട്യൂമർ കണ്ടുപിടിച്ചത്. മരുന്നുകൾ കഴിച്ചിട്ടും ഫലമമില്ലാതെ വന്നപ്പോൾ, മോണിക്കയുടെ കഴുത്തിൽ മദർതെരേസയുടെ മുദ്രയുള്ള ലോക്കറ്റ് ധരിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഇതേ തുടർന്ന് 1998 സെപ്റ്റംബർ 5 ന് ആദിവാസി യുവതിയുടെ രോഗം ഭേദപ്പെട്ടുവെന്നാണ് പള്ളി അധികൃതരുടെ റിപ്പോർട്ട്. ബംഗാളിലെ ബലൂർഘട്ട് ആശുപത്രിയിൽ മോണിക്കയെ ചികത്സയ്ക്ക് വിധേയമാക്കിയെന്നും ഇതേത്തുടർന്നാണ് യുവതിയുടെ രോഗം ഭേദമായതെന്നുമാണ് ആരോഗ്യമന്ത്രി പറയുന്നത്.

മോണിക്കയ്ക്ക് ക്ഷയരോഗബാധയെ തുടർന്നാണ് അണ്ഡാശയത്തിൽ ട്യൂമർ വളർന്നത്. നിരവധി പരിശോധനകൾക്കു ശേഷമാണ് ട്യൂമർ കണ്ടുപിടിച്ചതെന്ന് യുവതിയെ ചികിത്സിച്ച ഡോ. തരുൺ ബിശ്വാസ് വെളിപ്പെടുത്തി. ക്ഷയരോഗത്തിന് ഒൻപത് മാസത്തെ തുടർചികിത്സ നടത്തിയ ശേഷമാണ് മോണിക്കയുടെ അസുഖം ഭേദമായതെന്നും ഡോക്ടർ പറയുന്നു.

മന്ത്രിയുടെയും ആസ്പത്രി അധികൃതരുടെയും വാദങ്ങളോട് ഇവിടത്തെ കത്തോലിക്കാപള്ളി അധികൃതർ പ്രതികരിച്ചിട്ടില്ല.

*******



Scanned with CamScanner